# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 8, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--387]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 408 മുതൽ 579 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 580 മുതൽ 654 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 655 മുതൽ 735 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 736 മുതൽ 794 വരെ |

## പ്ലാൻ ഫണ്ടിലെ തുക

408 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ടുകളിൽ തുക വകയിരുത്തിയശേഷം വെട്ടിക്കുറച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയെത്രയെന്നും, ആയതിൽ വന്ന ചെലവ് എത്രയെന്നും, വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ മിച്ചമുള്ള തുകയെത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകൾക്ക് 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചതും ചെലവാക്കിയതും തിരിച്ചെടുത്തതുമായ പ്ലാൻ ഫണ്ടിന്റെ വിശദാംശങ്ങൾ നൽകാമോ?

## ട്രഷറി നിയന്ത്രണം

409 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കരാറുകാരുടെയും എത്ര തുകയുടെ ബില്ലുകളാണ് ട്രഷറി

നിയന്ത്രണത്താൽ കെട്ടിക്കിടക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ;

(സി) കെട്ടിക്കിടക്കുന്ന ബില്ലുകളിലെ തുക എപ്പോൾ മാറി നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

## കടവ് പുഴ പാലം നിർമ്മിക്കുന്നതിന് ഫണ്ട് മാറ്റി അനുവദിക്കൽ

410 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സംസ്ഥാന ബഡ്ജറ്റിൽ പാലാ നിയോജകമണ്ഡലത്തിലെ മൂന്നിലവ് പഞ്ചായത്തിൽ ചില്ലച്ചി തോടിന് കുറുകെ പാലം നിർമ്മാണം പദ്ധതിയ്ക്ക് മൂന്നര കോടി രൂപ വകയിരുത്തിയിരുന്നത്, ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം തുടങ്ങാൻ പറ്റാത്ത സാഹചര്യത്തിൽ, ഈ കാലയളവിലുണ്ടായ അതിതീവ്രമഴയിലും മലവെള്ളപ്പാച്ചിലിലും തകർന്ന മൂന്നിലവ് പഞ്ചായത്തിലെ തന്നെ കടവ് പുഴ പാലത്തിന് മാറ്റി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) 2021-22 കാലവർഷക്കാലത്ത് പൂർണ്ണമായി തകർന്ന മൂന്നിലവ് ഗ്രാമപഞ്ചായത്തിലെ കടവ് പുഴ പാലം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി- ടെൻഡർ സേവിങ്സ് തുക

411 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2017 -18 കാലയളവ് മുതൽ നാളിതുവരെ ആസ്തി വികസന പദ്ധതി പ്രകാരം നടത്തിയ പ്രവൃത്തികളുടെ ടെൻഡർ സേവിംഗ് തുക എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ ?

## സംസ്ഥാന ധനമന്ത്രിമാരുടെ കോൺക്ലേവ്

412 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന് അനുകൂലമായും സംസ്ഥാനങ്ങൾക്കെതിരായും രൂപപ്പെട്ടു വരുന്ന ഫെഡറൽ സംവിധാനത്തിലെ ഗുരുതരമായ അസമത്വം കാരണം വലിയ തോതിലുള്ള വരുമാന നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ ഫെഡറലിസത്തിന്റെ ശക്തീകരണത്തിനായി സംസ്ഥാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വിവിധ സംസ്ഥാന ധനമന്ത്രിമാരുടെ കോൺക്ലേവ് വിളിച്ചു ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉചിതമായ മെമ്മോറാണ്ടം തയ്യാറാക്കി

നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പ്രസ്തുത കോൺക്ലേവിൽ ചർച്ച ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

413 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വിശദാംശം നൽകാമോ?

**<u>എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ</u>**

414 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ 2016-17 മുതൽ 2024-25 വരെ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ;

(ഡി) പൂർത്തികരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതയിനത്തിൽ വകയിരുത്തിയ തുക</u>**

415 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതയിനത്തിൽ വകയിരുത്തിയ തുകയും പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും വ്യക്തമാക്കുമോ;

(ബി) മുൻ സാമ്പത്തിക വർഷം വകയിരുത്തിയതിൽ നിന്നും അനുവദിക്കാതിരുന്ന തുക കൂടി കൂട്ടലായി ഉൾപ്പെടുത്തിയാണോ നടപ്പ് സാമ്പത്തിക വർഷം പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>കീരംപാറ വഴിവിളക്ക് പദ്ധതി</u>**

416 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി അൽ-അമൻ റോഡ്, നെല്ലിക്കുഴി ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ, കീരംപാറ വഴിവിളക്ക് പദ്ധതി എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

417 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## ലൈഫ് പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക

418 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ചു; വിശദാംശം നൽകാമോ?

## മെഡിസെപ് പദ്ധതി

419 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ പിരിച്ചെടുത്ത പ്രീമിയം എത്ര; ഇതിൽ കോർപസ് ഫണ്ടിലേക്ക് മാറ്റിയത് എത്രയാണെന്ന് തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ പ്രീമിയത്തിൽ നിന്നും ഇൻഷ്വറൻസ് കമ്പനി ആശുപത്രിക്ക് നൽകിയ തുക, കോർപസ് ഫണ്ട് വഴി ചിലവഴിച്ച തുക എന്നിവ പ്രത്യേകം തരംതിരിച്ച് ലഭ്യമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉണ്ടായ മാറ്റങ്ങൾ

420 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉണ്ടായ മാറ്റങ്ങൾ സംസ്ഥാനത്തിന് അധിക സാമ്പത്തികബാധ്യത വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള സഹായത്തിന് കുറവ് വന്ന സാഹചര്യത്തിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ വായ്പ ബാധ്യതകൾ

421 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ നിലവിലെ വായ്പാബാധ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ വായ്പയുടെയും തിരിച്ചടവിന്റെ സമയക്രമവും നാളിതുവരെയുള്ള തിരിച്ചടവിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ; കമ്പനിക്ക് നിലവിൽ എത്ര കോടി രൂപയുടെ വായ്പാബാധ്യത ഉണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കടമെടുപ്പ് പരിധിയിൽ നിയന്ത്രണം</u>

422 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള ആകെ തുക എത്രയാണെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും വിശദമാക്കാമോ;

(ബി) കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാനം കേന്ദ്രസർക്കാരിനെതിരായി സുപ്രീംകോടതിയെ സമീപിച്ച കേസിൽ നൽകിയ സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്നും ഏതൊക്കെ ഇനത്തിലാണ് ലഭിക്കാനുള്ളതെന്നും വിശദമാക്കാമോ; പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സുപ്രീംകോടതിയിലെ കേസിനെ തുടർന്ന് എത്ര കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>വികസന പദ്ധതികൾക്ക് എടുത്ത വായ്പകളുടെ വകമാറ്റൽ</u>

423 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ വികസന പദ്ധതികൾക്കായി റിസർവ് ബാങ്ക് മുഖേന എടുത്ത വായ്പകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വികസന പദ്ധതികൾക്കായി എടുക്കുന്ന വായ്പയുടെ ഭൂരിഭാഗവും സംസ്ഥാനം വകമാറ്റി ചെലവഴിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം വകമാറ്റി ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന ധനകാര്യ മാനേജ്മെന്റിന്റെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്തുന്ന പ്രസ്തുത നടപടികൾ കടം ലഭിയ്ക്കുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കിയിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>കിഫ്ബി പദ്ധതി - ആലത്തൂർ മണ്ഡലം</u>

424 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ധനകാര്യ അംഗീകാരം ലഭ്യമാകാത്തതോ, ഇതുവരെ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലങ്ങൾ**

425 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം റെയിൽവേ മേൽപ്പാലങ്ങളാണ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**കുമ്മല്ലൂർ പാലം നിർമ്മാണം**

426 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണത്തിനായി അധിക ധനാനുമതിയ്ക്ക് വേണ്ടി നൽകിയ അപേക്ഷയിന്മേൽ (ഇ-8508590/2024 എഫ്.എം) തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള കിഫ്ബി നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണം**

427 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണത്തിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ?

**നീലേശ്വരം-എടത്തോട് റോഡ് നവീകരണം**

428 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നീലേശ്വരം-എടത്തോട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>നെന്മാറ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി</u>**

429 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കിഫ്ബി മുഖേന 5 കോടി രൂപ അനുവദിച്ചതിൽ 3.75 കോടി രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തികരിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉദുമ മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ</u>**

430 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കിയ, നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നതും ആരംഭിക്കാനിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

**<u>കോങ്ങോട് മണ്ഡലത്തിലെ എഴുത്തോാംപ്പാറ പാലം നിർമ്മാണ പ്രവൃത്തി</u>**

431 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങോട് മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച എഴുത്തോാംപ്പാറ പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>വർക്കല മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ</u>**

432 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## വാർഷിക പദ്ധതിയിലെ വെട്ടിക്കുറയ്ക്കൽ

433 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷം എത്ര കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് അംഗീകാരം നൽകിയിരുന്നതെന്നും ഇതിൽ എത്ര രൂപയാണ് വെട്ടിക്കുറച്ചിട്ടുള്ളതെന്നും ഏത് സാഹചര്യത്തിലാണ് വെട്ടിക്കുറവ് വരുത്തിയതെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഓരോ വർഷവും അംഗീകാരം നൽകിയ പദ്ധതിയുടെ കണക്കും തുടർന്ന് വരുത്തിയിട്ടുള്ള വെട്ടിക്കുറയ്ക്കലും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) വികസന പദ്ധതികളിൽ തുടർച്ചയായി വെട്ടിക്കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസനത്തെ പിന്നോട്ടടിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

434 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 38.22 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേൽപ്പാല നിർമ്മാണത്തിന് പുതിയ എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

435 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; ഇതിൽ എത്ര പദ്ധതികൾ ആരംഭിച്ചുവെന്നും ഇനി ആരംഭിക്കാനുള്ളവ എത്രയെന്നും അറിയിക്കുമോ;

(ബി) ആരംഭിക്കാനുള്ളവ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കെ.ജി. സുബ്രഹ്മണ്യം സാംസ്കാരിക കേന്ദ്രം

436 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങൾക്ക് കിഫ്ബി മുഖേന തുക അനുവദിക്കാറുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏതൊക്കെ സാംസ്കാരിക സ്ഥാപനങ്ങൾക്കാണ് കിഫ്ബി മുഖേന തുക അനുവദിച്ചതെന്നും, ആയത് എത്ര വീതമാണെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സ്ഥാപിക്കുന്ന സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന് കിഫ്ബി മുഖേന തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കുമോ ?

## മങ്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

437 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്ന പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഏറ്റെടുത്തിരിക്കുന്ന നിർവ്വഹണ ഏജൻസികൾ ഏതെല്ലാമെന്നും പ്രവൃത്തികളുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികളും വ്യക്തമാക്കുമോ?

## ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി

438 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇരവിപുരം മണ്ഡലത്തിലെ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പള്ളിമുക്ക് ജംഗ്ഷൻ വികസനം പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി

439 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതിന്റെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം തീയതി സഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കിഫ്ബി മുഖേന ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തി

440 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

441 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി

442 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കിഫ്ബിയുടെ എന്തെങ്കിലും അനുമതി നല്കാൻ ബാക്കിയുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയിൽ എന്തെങ്കിലും ഭേദഗതി കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## കിഫ്ബിയിൽ ഉൾപ്പെടുത്തപ്പെട്ട പ്രവൃത്തികൾ

443 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തപ്പെട്ട പെരുഞ്ചേരി കടവ് റഗുലേറ്റർ കം ബ്രിഡ്ജ്, കൊല്ലം- നെല്ല്യാടി-മേപ്പയ്യൂർ റോഡ്, അകലാപ്പുഴ പാലം, നടേരി കടവ് പാലം,

കോക്കനട്ട് പാർക്ക് കുത്താളി മുതലായ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ഉണ്ണിക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം

444 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ച ഉണ്ണിക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിൽ എന്താണ് തടസ്സം എന്നറിയിക്കാമോ?

## തൃശ്ശൂർ പടിഞ്ഞാറെക്കോട്ട മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി

445 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പണം അനുവദിച്ച തൃശ്ശൂർ പടിഞ്ഞാറെക്കോട്ട മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം

446 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## തങ്കളം- കാക്കനാട് നാലുവരിപ്പാത നിർമ്മാണം

447 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

448 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കിഫ്ബി പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

449 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കിഫ്ബി മുഖേന സ്കൂളുകളുടെ നിർമ്മാണം</u>**

450 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി മുഖേന എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; പ്രസ്തുത സ്കൂളുകൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ</u>**

451 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

452 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>കന്നിപ്പുറം പാലം നിർമ്മാണം</u>**

453 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി ആയ കന്നിപുറം പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## കിഫ്ബി

454 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് വാടക ഇനത്തിൽ നാളിതുവരെ കിഫ്ബി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) കിഫ്ബിക്ക് സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്; വിശദാംശങ്ങൾ നൽകുമോ;

(സി) സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ ചെലവ് വരുമെന്നാണ് കിഫ്ബി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കിഫ്ബി സി.ഇ.ഒ-യുടെ ശമ്പളവും ആനുകൂല്യങ്ങളും

455 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ സർവീസിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർ നിലവിൽ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നത്; ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ബി) കിഫ്ബി സി.ഇ.ഒ യുടെ ശമ്പളവും ആനുകൂല്യങ്ങളും നിലവിൽ എത്രയാണ്; ഇനം തിരിച്ച് വ്യക്തമാക്കുമോ; നാളിതുവരെ എത്ര തവണ ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിച്ച് നൽകിയെന്നും ഓരോ തവണയും നൽകിയ വർധനവ് എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) നാളിതുവരെ കിഫ്ബി സി.ഇ.ഒ ശമ്പളവും ആനുകൂല്യങ്ങളുമായി ആകെ എത്ര തുക കൈപ്പറ്റിയെന്നതിന്റെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കായപ്പനച്ചി-കുന്നംചിറ -എടച്ചേരി റോഡ് നിർമ്മാണം

456 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അനുവദിച്ച കായപ്പനച്ചി-കുന്നംചിറ -എടച്ചേരി റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭരണാനുമതി ലഭ്യമാക്കാൻ തടസ്സങ്ങൾ

ഉണ്ടെങ്കിൽ നിലവിലെ തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്- ധോണി റോഡ് വികസനം**

457 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി റോഡ് വികസനത്തിന് പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കിഫ്ബി ടെക്നിക്കൽ റിസോർട്ട് സെന്ററിന്റെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ പ്ലാൻ ആൻഡ് പ്രൊഫൈൽ വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം**

458 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പുതിയ ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

**കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം**

459 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതും മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

**മൊകേരി ഗവ. കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

460 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മൊകേരി ഗവ. കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് നിലവിൽ നേരിടുന്ന തടസങ്ങൾ എന്തൊക്കെയെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

**നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് ലൈബ്രറി കെട്ടിടങ്ങൾക്ക് അനുമതി .**

461 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ഈ പദ്ധതിയിൽ അനുമതി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അരൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

462 **ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സിവിൽ വർക്കുകൾ ചെയ്യുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് പി.എം.സി. പ്രകാരം പ്രവൃത്തികൾ നൽകുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അരൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പി.എം.സി. വ്യവസ്ഥയിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടും നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ഡിപ്പോസിറ്റ് വർക്കായി അരൂർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ നടന്നുവെന്നും, എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചെന്നും, തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണവും വിശദമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും, എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും, നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്നും, ടെൻഡർ നടപടി പൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ?

## കോവിഡ് കാലത്ത് ആസ്തി വികസന ഫണ്ടിൽനിന്നും പിടിച്ചെടുത്ത തുക

463 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംഎൽഎ ആസ്തി വികസന ഫണ്ടിൽനിന്ന് കോവിഡ് കാലത്ത് സർക്കാർ തുക പിടിച്ചെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതു വർഷം എത്ര രൂപയാണ് പിടിച്ചെടുത്തതെന്ന് അറിയിക്കുമോ ;

(സി) ഈ തുക മണ്ഡലങ്ങളിൽ ചെലവഴിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ

പ്രവൃത്തിയുടെ പേരും ചെലവാക്കിയ തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പിടിച്ചെടുത്ത തുക ഉപയോഗിച്ച് ഒരു പ്രവൃത്തിയും ചെയ്യാത്ത മണ്ഡലങ്ങൾ ഉണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ഇ) കോവിഡ് കാലത്ത് മണ്ഡലങ്ങളിലെ ആരോഗ്യമേഖലയിൽ ചെലവിടാനാണോ തുക പിടിച്ചെടുത്തതെന്ന് അറിയിക്കുമോ ; എങ്കിൽ ചെലവിടാത്ത തുക തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

## സർക്കാർ സ്കൂളുകളിൽ ബസുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി

464 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിവരം നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക സഹിതം നൽകാമോ;

(ബി) ഇതിൽ എത്ര ബസുകൾ അനുവദിച്ചിട്ടുണ്ടെന്നും ബസുകൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്നുമുള്ള വിവരം പട്ടികയായി നൽകാമോ;

(സി) ആകെ ചെലവായ തുകയിൽ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും ഇനി എത്ര തുക അനുവദിക്കാനുണ്ടെന്നും, ഏതൊക്കെ കമ്പനികൾക്ക് എത്ര രൂപ വീതമാണ് കുടിശ്ശിക നൽകാനുള്ളതെന്നുമുള്ള വിശദാംശം നൽകാമോ;

(ഡി) ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ വഴി ഭരണാനുമതി ലഭിച്ചിട്ടും കുടിശ്ശിക ഉള്ളതിനാൽ ബസുകൾ യഥാസമയം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഉടനെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം നിർമ്മാണം

465 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കൊട്ടാരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിംനേഷ്യം (പ്രോജക്ട് ഐ.ഡി. 20074) എന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് പ്രത്യേകാനുമതി ലഭ്യമാക്കി നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുക

466 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ 2021-22, 2022-23, 2023-24 വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക എത്രയെന്ന് അറിയിക്കാമോ?

## എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ വാഹനം വാങ്ങുന്നത്

467 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ വിദ്യാലയങ്ങൾക്ക് 2021-22 വർഷം മുതൽ വാഹനങ്ങൾ അനുവദിച്ചതിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയതിന് വാഹന കമ്പനികൾക്ക് തുക നൽകുന്നതിൽ കുടിശികയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എം.എൽ.എ.മാർ പ്രൊപ്പോസ് ചെയ്ത സ്കൂൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും കുടിശിക നിലവിലുള്ള കാരണത്താൽ വാഹന കമ്പനികൾ വാഹനങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഡ്വാൻസ് തുക നൽകി പ്രസ്തുത സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

468 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ് തുക എത്രയാണെന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

469 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ് തുക

470 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ

വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

**പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക ശ്മശാനത്തിന്റെ പ്രവർത്തന പുരോഗതി**

471 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക ശ്മശാനത്തിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് തീരദേശ പരിപാലന കമ്മിറ്റിയുടെ എൻ.ഒ.സി. (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ) ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ആസ്തി വികസനഫണ്ട് മാർഗ നിർദേശങ്ങൾ**

472 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ നിർദേശങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്നത്തേക്ക് തീരുമാനമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) നിർദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇതു സംബന്ധിച്ച് ഉത്തരവിറങ്ങുന്നതിൽ നേരിടുന്ന കാലതാസമത്തിന് കാരണം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഫയൽ നമ്പർ ഏതെന്നും നിലവിൽ പ്രസ്തുത ഫയൽ ആരുടെ പരിഗണനയിലാണെന്നും വ്യക്തമാക്കാമോ?

**എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ പ്രത്യേക അനുമതി**

473 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2022-23 സാമ്പത്തിക വർഷം 30 ലക്ഷം രൂപയും, 2023-24 സാമ്പത്തിക വർഷം 15 ലക്ഷം രൂപയും വകയിരുത്തിയിരുന്നത് പര്യാപ്തമല്ലാത്തതിനാൽ 2024-25 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ കൂടി വിനിയോഗിക്കാൻ ധനവകുപ്പിൽ നിന്നുള്ള പ്രത്യേകാനുമതിക്കായി 07.08.2024ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രത്യേകാനുമതി അടിയന്തിരമായി നൽകി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) മഞ്ചേരി ഗവൺമെൻറ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2022-23

സാമ്പത്തിക വർഷം 30 ലക്ഷം രൂപയും, 2024-25 സാമ്പത്തിക വർഷം 15 ലക്ഷം രൂപയും ഉൾപ്പെടെ 45 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി 06.08.2024ന് ബഹു.ധനകാര്യവകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സ്കൂൾ കെട്ടിടം അടിയന്തരമായി നിർമ്മിക്കാനാവശ്യമായ പ്രത്യേക ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മുക്കം പാലം നിർമ്മാണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ തടസ്സവാദങ്ങൾ

474 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20% തുക അനുവദിച്ച മുക്കം പാലം നിർമ്മാണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിഷേധ അഭിപ്രായ കുറിപ്പുമൂലം ഭരണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) നയപരമായ കാര്യങ്ങളിൽ ഇൻസ്പെക്ഷൻ വിംഗ് രേഖപ്പെടുത്തുന്ന, മതിയായ കാരണങ്ങളില്ലാതെയുള്ള വിരുദ്ധാഭിപ്രായം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## എം.എൽ.എ ഫണ്ടിൽ നിന്നും സ്കൂളുകൾക്കുള്ള ധനസഹായം

475 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ടിൽ നിന്നും ഒരു സർക്കാർ സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ ഫണ്ടിൽ നിന്നും ഒരു സർക്കാർ എയ്ഡഡ് സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) എം.എൽ.എ ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാർ സിലബസ് പിന്തുടരുന്ന ഒരു അൺഎയ്ഡഡ് സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിൽ എം.എൽ.എ ഫണ്ട് മുഖേന സ്ഥാപിച്ച ഹൈമാസ്റ്റ് - മിനി മാസ്റ്റ് ലൈറ്റുകൾ

476 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ എം.എൽഎ ഫണ്ട് ഉപയോഗിച്ച് 2012 മുതൽ നാളിതുവരെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടെ പഞ്ചായത്ത്

അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ലൈറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും എത്രയെണ്ണം പ്രവർത്തന രഹിതമായിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പ്രവർത്തന രഹിതമായിട്ടുള്ള ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോയെന്ന് അറിയിക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകൾ

477 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്ക കേന്ദ്രാവിഷ്കൃത പദ്ധതികളിലും വലിയ തുക ചെലവഴിക്കുന്നത് സംസ്ഥാനങ്ങളാണെന്നിരിക്കെ തുച്ഛമായ കേന്ദ്ര വിഹിതം ലഭിക്കുന്നതിന് വലിയ നിബന്ധനകൾ കേന്ദ്രം മുന്നോട്ടുവെയ്ക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ?

## സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർണയം

478 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർണയം സംബന്ധിച്ച് പ്രതിപക്ഷ നേതാവും നാല് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും ഉൾപ്പെടെയുള്ള പ്രസക്ത ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ധനകാര്യ കമ്മീഷനോട് ആവശ്യമുന്നയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ അച്ചടക്കം പുലർത്തിക്കൊണ്ട് സുതാര്യവും കൃത്യവുമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷനിൽ നിന്നും നികുതി വിഹിത നിർണയത്തിൽ അനുകൂലമായ തീരുമാനം നേടിയെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട വിഹിതയിനത്തിലുള്ള കുടിശിക സംബന്ധിച്ച്

479 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2023-24 സാമ്പത്തിക വർഷാവസാനം വരെ സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട വിഹിത ഇനത്തിൽ എത്ര കോടി രൂപയുടെ

സാമ്പത്തിക സഹായമാണ് കുടിശികയായിട്ടുള്ളത്; ഓരോ സാമ്പത്തിക വർഷത്തിലും ഏതെല്ലാം ഇനത്തിൽ, എത്ര രൂപയാണ് കുടിശികയായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ ക്ഷാമബത്ത കുടിശിക

480 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ;

(ബി) വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ഡി.ആർ. നൽകാനുണ്ടെന്നും എത്ര ശതമാനം ഡി.ആർ. കുടിശികയുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ഹൈക്കോടതി, ജില്ലാ കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിലുള്ള ജഡ്ജി, മജിസ്ട്രേറ്റ് തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ;

(എഫ്) ക്ഷാമബത്ത കുടിശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുറവുണ്ടാകുന്നുണ്ട് എന്ന് അറിയിക്കാമോ;

(ജി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏറ്റവും ഒടുവിൽ അനുവദിച്ച ക്ഷാമബത്ത ആകെ കുടിശികയുടെ എത്ര ശതമാനമാണെന്നും ആയത് കുടിശികയായ തീയതി മുതലുള്ളത് ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

## ധനകാര്യ വകുപ്പിലെ ഒഴിവുകൾ

481 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2024 വരെ ധനകാര്യ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ എണ്ണം എത്ര; ഇതിൽ എത്ര ഒഴിവുകൾ ഓരോ വർഷവും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ തസ്തികകളിൽ ബൈ ട്രാൻസ്ഫർ ഒഴിവുകൾ ഉണ്ടെങ്കിൽ ഈ ഒഴിവുകളിലേയ്ക്ക് എത്ര നിയമനം നടത്തി; വിശദമാക്കാമോ;

(ബി) 2021 മുതൽ 2024 വരെ ധനകാര്യ വകുപ്പിൽ നിന്നും വിരമിച്ച സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ എണ്ണം എത്ര; പ്രസ്തുത കാലയളവിൽ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് ആകെ എത്ര പേർക്ക് സ്ഥാനക്കയറ്റം നൽകി; വിശദമാക്കാമോ?

## മെഡിസെപ് പദ്ധതി

482 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുന്നതിനു ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മെഡിസെപ് ഗുണഭോക്താക്കളുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

## നാഷണൽ പെൻഷൻ സ്കീം

483 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ നാഷണൽ പെൻഷൻ സ്കീമിൽ അംഗങ്ങളായ സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ പെൻഷൻ സ്കീമിന് പകരം പുതിയ പെൻഷൻ സ്കീം കൊണ്ടുവരാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നാഷണൽ പെൻഷൻ സ്കീം പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## മെഡിസെപ് പദ്ധതി

484 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായുള്ള മെഡിസെപ് പദ്ധതിയുടെ നിലവിലെ കരാർ കാലാവധി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കരാർ പുതുക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഏതെല്ലാം തസ്തികയിലെന്നും അവരെ നേരിട്ട് ബന്ധപ്പെടാവുന്ന ടെലിഫോൺ നമ്പർ അടക്കമുള്ള വിശദാംശങ്ങളും നൽകാമോ;

(സി) മെഡിസെപിൽ സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ചികിത്സയ്ക്ക് സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള മെഡിസെപ് പ്രീമിയം പരിഷ്കരിച്ച് എല്ലാ വിഭാഗം ചികിൽസകളും ഏത് ആശുപത്രികളിലും ക്യാഷ് ലെസ്സായി ലഭിക്കുന്ന തരത്തിൽ സമഗ്ര ഇൻഷുറൻസ് പദ്ധതിയായി മെഡിസെപിനെ മാറ്റുവാൻ തയ്യാറാകുമോ;

(ഡി) പദ്ധതിയിൽ ക്ലെയിം സംബന്ധിച്ച് നാളിതുവരെ ഉണ്ടായ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ?

## വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റ്യൂവിറ്റി വർദ്ധന

485 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.04.2024 ന് മുമ്പ് വിരമിച്ച ജീവനക്കാർക്ക് 9 ശതമാനം ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കേ 01.07.2021 നും 01.04.2024 നും ഇടയിൽ വിരമിച്ചവർക്ക് ഗ്രാറ്റ്യൂവിറ്റി അനുവദിച്ചു നൽകിയത് 7 ശതമാനം ഡി.എ. യുടെ അടിസ്ഥാനത്തിൽ ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച അനോമലി പരിഹരിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ സർക്കാരിന് നൽകിയ കത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിരമിച്ച ജീവനക്കാർക്ക് അർഹമായി ലഭിക്കേണ്ട ഈ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

486 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിലും അദ്ധ്യാപകരിലും പങ്കാളിത്ത പെൻഷൻ പരിധിയിൽ വരുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) നിലവിലെ സർക്കാർ ജീവനക്കാരിൽ എത്ര ശതമാനം പേർ പങ്കാളിത്ത പെൻഷന്റെ പരിധിയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ ഇനത്തിൽ ജീവനക്കാരിൽനിന്ന് പ്രതിവർഷം ലഭ്യമാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതം എത്ര ശതമാനമാണെന്നും, 2016 ഏപ്രിൽ മാസം മുതൽ 2024 സെപ്റ്റംബർ മാസം വരെ പങ്കാളിത്ത പെൻഷൻ ഇനത്തിൽ നൽകിയിട്ടുള്ള ആകെത്തുക എത്രയാണെന്നും അറിയിക്കാമോ;

(ഇ) പങ്കാളിത്ത പെൻഷൻ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഡെത്ത് കം റിട്ടയർമെൻറ് ഗ്രാറ്റിവിറ്റി (ഡി.സി.ആർ.ജി ) ആനുകൂല്യം നൽകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ;

(എഫ്) പങ്കാളിത്ത പെൻഷൻ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഡെത്ത് കം റിട്ടയർമെൻറ് ഗ്രാറ്റിവിറ്റി (ഡി.സി.ആർ.ജി ) ആനുകൂല്യം നൽകുന്നില്ലെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ജി) പങ്കാളിത്ത പെൻഷൻ പരിധിയിൽ വരുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ പങ്കാളിത്ത പെൻഷന്റെ പരിധിയിലുള്ള ജീവനക്കാർക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുമോ; വിശദമാക്കാമോ?

**<u>മെഡിസെപ് പദ്ധതിയിൽ നൽകാനുള്ള ക്ലെയിം</u>**

487 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപിൽ ഇനി എത്ര അപേക്ഷകളിന്മേലാണ് ക്ലെയിം നൽകാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിൽ ധാരണപത്രം ഒപ്പു വച്ചിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ധാരണപത്രം രജിസ്റ്റർ ചെയ്യാതെയാണോ പദ്ധതി നടപ്പിലാക്കിയതെന്നും എങ്കിൽ അത് നിയമവിരുദ്ധ നടപടിയല്ലേ എന്നും വ്യക്തമാക്കുമോ?

**<u>സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ചിലവാക്കിയ തുക</u>**

488 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിയ വകയിൽ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**<u>ഡെപ്യൂട്ടേഷനിലുള്ള ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കാൻ നടപടി</u>**

489 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ, പെൻ നമ്പർ ലഭിക്കാതെ പകരം ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ജീവനക്കാർ തന്നെ ട്രഷറിയിൽ മാസംതോറും ഒടുക്കുന്ന അവസ്ഥ നിർത്തലാക്കി ,ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിച്ച് ഇ- ട്രഷറി വഴി ഡിഡിഒ അടയ്ക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക പിടിക്കുന്നതിന് സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് എത്രയും വേഗം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട കുടിശിക തുക</u>**

490 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും കുടിശികയായ ഡി.എ., ഡി.ആർ., ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ; ആയത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ ഇനത്തിൽ നൽകേണ്ട കുടിശിക ഈ സർക്കാരിന്റെ കാലത്ത് തന്നെ കൊടുത്ത് തീർക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായി പുതിയ കമ്മീഷനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

491 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972 പ്രകാരം ജീവനക്കാരുടെ അവകാശമായ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ ഓഫ് പെൻഷൻ എന്നിവ വിരമിച്ച പങ്കാളിത്ത പെൻഷൻകാർക്ക് നിഷേധിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ട് എല്ലാ സ്വകാര്യ, പൊതുമേഖലാ, സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുകയും, 1986-ലെ യൂണിയൻ ഓഫ് ഇന്ത്യാ V/s കാഷ്വൽ വർക്കേഴ്സ് ഓഫ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് എന്ന കേസിൽ "The Government should be model employer to their own employees" എന്ന വിധി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അഞ്ച് വർഷം തികഞ്ഞ പങ്കാളിത്ത പെൻഷൻകാർക്ക് ഡി.സി.ആർ.ജി. നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന, 10 വർഷത്തിൽ താഴെ മാത്രം സർവീസുള്ള ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം കേരള സർക്കാർ നടപ്പിലാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി മുൻകാല പ്രാബല്യത്തിൽ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രതിമാസം ആയിരം രൂപ പോലും പെൻഷൻ ലഭിക്കാത്ത പങ്കാളിത്ത പെൻഷൻകാരെ മുൻഗണന റേഷൻ കാർഡ് (ബി.പി.എൽ.) പട്ടികയിൽ ഉൾപ്പെടുത്തുമോ;

(എഫ്) വിരമിച്ച പങ്കാളിത്ത പെൻഷൻകാർ മെഡിസെപ്പ് പദ്ധതിയിൽ ചേരുന്നതിനായി 18000/- രൂപ ഒറ്റ തവണ പ്രീമിയം അടക്കണമെന്നത് ഒഴിവാക്കി സൗജന്യമായി മെഡിസെപ് ആനുകൂല്യങ്ങൾ ലഭ്യമാക്കാമോ?

## സർക്കാർ സർവീസ് വിരമിക്കലുമായി ബന്ധപ്പെട്ട്.

492 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ ജനന തീയതി 1-ാം തീയതി ഉള്ളവർ തൊട്ടുമുൻപത്തെ മാസം വിരമിക്കേണ്ടി വരുന്ന, സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി 1-ാം തീയതി ജനനതീയതി വരുന്നവർ അതേ മാസം അവസാനം വിരമിക്കുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുന്നത് സർക്കാറിന്റെ പരിഗണനയിൽ ഉണ്ടോ?

**<u>റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ ജാനകിയമ്മയുടെ സർവീസ് ആനുകൂല്യം</u>**

493 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975 ൽ പി.എസ്.സി. മുഖേന ആരോഗ്യ വകുപ്പിൽ നിയമിതയായ റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ ജാനകിയമ്മ, ഗോപിനിലയം, പെരുവ, കോട്ടയത്തിന്റെ 1975 മുതൽ 77 വരെയുള്ള കാലഘട്ടത്തിലെ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ട്രഷറി വകുപ്പിൽ നിന്നും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 1975 മുതൽ 77 വരെ സർവീസ് കാലമായി പരിഗണിച്ച് ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്മേൽ ട്രഷറി വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സർവ്വീസ് ആനുകൂല്യം നൽകുന്നതിന് ട്രഷറി വകുപ്പിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇവരുടെ പരാതിയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇതു സംബന്ധിച്ച് ഇവർ നൽകിയിരിക്കുന്ന പരാതിയുടെ ഫയൽ നമ്പർ വ്യക്തമാക്കാമോ?

**<u>സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ</u>**

494 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകുമോ;

(ബി) സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർ പ്രസ്തുത സ്ഥാപനങ്ങളിലെ ക്വാർട്ടേഴ്സിൽ താമസിക്കുമ്പോൾ ഇവരിൽ നിന്നും വീട്ടുവാടക ബത്ത ഈടാക്കാറുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകുമോ?

## പാലാ മണ്ഡലത്തിലെ മഹാത്മാഗാന്ധി ഹയർ സെക്കണ്ടറി സ്കൂളിന് ഓഡിറ്റോറിയം നിർമ്മാണം

495 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ പാലാ മണ്ഡലത്തിലെ മഹാത്മാഗാന്ധി ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് ഓഡിറ്റോറിയം നിർമ്മാണം എന്ന പദ്ധതിക്ക് സാങ്കേതിക തടസ്സമുള്ളതിനാൽ പ്രസ്തുത പദ്ധതിക്ക് പകരം കെട്ടിടത്തിന് റൂഫ് നിർമ്മാണം എന്ന പദ്ധതി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്റെ നിജസ്ഥിതിയും അത് സംബന്ധിച്ച് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## 2022-23, 2023-24 ബജറ്റിൽ അനുവദിച്ച പദ്ധതികളുടെ സ്ഥിതി

496 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ എം.ആർ.എം.പി.സി.എസ്.(മീനച്ചിൽ റബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പുനരുദ്ധാരണത്തിന് രണ്ട് കോടിയും 2023-24 ബജറ്റിൽ കെ.എം. മാണി ഫൗണ്ടേഷന് അഞ്ച് കോടിയും പാലാ കേന്ദ്രമാക്കി പ്രൊഫഷണൽ എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് മൂന്ന് കോടിയും അനുവദിച്ചിരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

## വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ

497 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് മുതൽ 20 ശതമാനം തുക വകയിരുത്തിയ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനും ഭരണവകുപ്പുകളുടെ സഹകരണത്തോടെ അവ പ്രാവർത്തികമാക്കാനും ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പ്രവൃത്തികൾ

498 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22, 2022 -23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 20% ബഡ്ജറ്റ് പ്രൊവിഷൻ തുക ലഭിച്ചതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അത് ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

499 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2016 മുതൽ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച പദ്ധതികളേതൊക്കെയാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്തവ ഏതെല്ലാമാണെന്നും ,അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ

500 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര കോടി രൂപ സാമൂഹ്യ സുരക്ഷ പെൻഷനായി ചെലവഴിച്ചിട്ടുണ്ട്;

(ബി) നിലവിൽ പ്രതിമാസം എത്ര പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നല്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷാ സെസ്

501 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 മുതൽ നാളിതുവരെ മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തുക സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## ക്ഷേമ പെൻഷൻ വിതരണം

502 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രയാസങ്ങളും ഞെരുക്കങ്ങളും ഉണ്ടായിരുന്നിട്ടും ഓണത്തോടനുബന്ധിച്ച് തൊഴിലുറപ്പ് തൊഴിലാളികൾക്കുൾപ്പെടെ നൽകിയ

സാമ്പത്തിക സഹായങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പെൻഷൻ വിതരണ കുടിശ്ശിക കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

503 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിതം ഓരോ ഇനത്തിലും എത്രയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രവിഹിതത്തിന്റെ എത്ര മാസത്തെ കുടിശ്ശിക സംസ്ഥാന സർക്കാറിന് ലഭിക്കാനുണ്ട്; വ്യക്തമാക്കാമോ?

## കോഴിക്കോട് എരഞ്ഞിപ്പാലം ഫ്ലൈ ഓവർ നിർമ്മാണം

504 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എരഞ്ഞിപ്പാലം ഫ്ലൈ ഓവർ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പിഡബ്ള്യുഡിഎച്ച്1 207/2022പിഡബ്ള്യുഡി നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## ആസ്തി വികസന ഫണ്ട് ഭരണാനുമതി

505 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ തദ്ദേശസ്വയംഭരണവകുപ്പ് നിർവഹണ ഏജൻസിയായി ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര തവണ ടെണ്ടർ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് തീരദേശ മണ്ഡലങ്ങളിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ടും,വെള്ളക്കെട്ടും മൂലം നിർമ്മാണ ചെലവ് വർദ്ധിക്കുന്നതിനാലും നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ ലഭിക്കാത്ത സാഹചര്യവും കണക്കിലെടുത്ത് കോസ്റ്റ് ഇൻഡക്സ് നിരക്ക് തയ്യാറാക്കുമ്പോൾ തീരദേശ മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണന നല്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നൽകുവാൻ നടപടി സ്വീകരിക്കുമോ?

## നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി

506 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ഇനത്തിൽ പരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) നികുതി പിരിച്ചെടുത്ത് തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാശം ലഭ്യമാക്കുമോ?

## വരുമാന വർദ്ധന

507 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ സംസ്ഥാനത്തിന്റെ ഓരോ വർഷത്തെയും തനത് വരുമാന വർദ്ധന വ്യക്തമാക്കാമോ;

(ബി) ജിഎസ്ടി ഇനത്തിൽ സംസ്ഥാനത്ത് പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക 2024 മാർച്ച് 31 അടിസ്ഥാനമാക്കി എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) 2021-22 മുതൽ വിവിധ ശീർഷകങ്ങളിലായി കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ഇനംതിരിച്ച് ലഭ്യമാക്കാമോ?

## ലക്കി ബിൽ ആപ്പ്

508 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനുള്ള 'ലക്കി ബിൽ ആപ്പ്'-ൽ ഇതുവരെ എത്ര പേരാണ് ബില്ലുകൾ അപ്‌ലോഡ് ചെയ്തത്; എത്ര രൂപ സമ്മാനമായി നൽകി വിശദമാക്കുമോ ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

509 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ, വിവിധ വകുപ്പുകൾക്ക് നൽകാനുള്ള കുടിശിക, കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശിക എന്നിവ നൽകുന്നതിനായി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2011 മുതൽ 2024 വരെ ഓരോ വർഷവും സർക്കാരിന് വിവിധ മാർഗങ്ങളിലൂടെ ലഭിച്ച വരുമാനം കേന്ദ്ര വിഹിതം ഉൾപ്പെടെ എത്രയാണെന്നും അവയിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, പെൻഷൻകാർക്കും കുടിശികയായ ഡി.എ., ഡി.ആർ., ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്ര; ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; വരുമാനത്തിൽ വർദ്ധനവ് ഉണ്ടെങ്കിൽ ഇപ്പോൾ നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്താണ്; വ്യക്തമാക്കുമോ?

## തൃശ്ശൂർ ജനറൽ ആശുപത്രിയുടെ നിർമ്മാണ പുരോഗതി

510 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പണം അനുവദിച്ച തൃശ്ശൂർ ജനറൽ ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ധനവകുപ്പ് ജീവനക്കാർക്ക് പരിശീലനം

511 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി ധനവകുപ്പിന് കീഴിൽ പ്രത്യേക പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ധനവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകുന്നുണ്ടോ എന്നും ഏറ്റവും അവസാനമായി പരിശീലനം നൽകിയത് എപ്പോഴാണ് എന്നും അറിയിക്കാമോ;

(സി) നിലവിൽ ധനവകുപ്പിലെ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകാനുണ്ട് എന്ന് അറിയിക്കാമോ;

(ഡി) ഭരണപരിഷ്കാര കമ്മീഷനും പതിനൊന്നാം ശമ്പള കമ്മീഷനും ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിങ് നൽകണം എന്ന ശിപാർശ സർക്കാരിന് നൽകിയിട്ടും സർക്കാരിന്റെ സാമ്പത്തിക, നയപരമായ വിഷയങ്ങളിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന ധനവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഇതുവരെയും ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ ജീവനക്കാർക്കും അടിയന്തരമായി പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടനിർമ്മാണം

512 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തില ചെറുതന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിന്റെ പക്കലുള്ള എച്ച്എൽടി -എ1/5/2024-ഫിൻ (ഇഫയൽ നമ്പർ 2661867) എന്ന ഫയലിന്റെ നടപ്പുഫയലിന്റേയും, കുറിപ്പ് ഫയലിന്റേയും മുഴുവൻ പേജുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

**സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി വിവരങ്ങൾ**

513 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ; ഓണത്തിന് ശേഷം ട്രഷറിയിൽ കൂടുതൽ നിയന്ത്രണം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളിലും വകുപ്പുകളിലും സ്ഥാപനങ്ങൾക്ക് നൽകേണ്ട കുടിശികകൾ സംബന്ധിച്ച കണക്കുകൾ സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കരാറുകാർക്ക് നൽകേണ്ട തുകയിൽ എത്ര കുടിശികയുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ തുക നൽകാത്ത കാരണത്താൽ വിവിധ പ്രവൃത്തികൾ സ്തംഭിക്കുകയും പുതിയത് കരാറുകാർ ഏറ്റെടുക്കാത്ത അവസ്ഥയും നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രമാനദണ്ഡ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് എടുക്കാവുന്ന കടം ഇനി എത്രരൂപയാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ ധന പ്രതിസന്ധി പരിഹരിക്കുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ധനവകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**സെന്റ് തെരേസാസ് യു.പി. സ്കൂളിന് ചലഞ്ച് ഫണ്ട്**

514 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ സെന്റ് തെരേസാസ് യു.പി. സ്കൂളിന് ചലഞ്ച് ഫണ്ടുമായി ബന്ധപ്പെട്ട് അനുവദിച്ച 38.80 ലക്ഷം രൂപ എസ് ടി എസ് ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ചതും ആയത് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് പ്രസ്തുത സ്കൂൾ അധികൃതർ നിവേദനം സമർപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക നൽകുന്നത് സംബന്ധിച്ച് ധനകാര്യ (സ്ട്രീം ലൈനിംഗ് )വകുപ്പും ട്രഷറി ഡയറക്ടറും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക സ്കൂളിന് തിരികെ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**തൃശ്ശൂരിലെ വില്ലടം സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി**

515 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക അനുവദിച്ച തൃശ്ശൂരിലെ വില്ലടം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## <u>വയനാട് ദുരന്തവുമായി ബന്ധപ്പെട്ട സാലറി ചലഞ്ച്</u>

516 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് അപ്പൻഡിക്സ് അനുബന്ധം 1-ൽ സൂചിപ്പിച്ച വിവിധ കാറ്റഗറികളിലെ എത്ര ഉദ്യോഗസ്ഥർ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ; ഇതിലൂടെ എത്ര രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ഹെലികോപ്റ്റർ വാടക</u>

517 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഹെലികോപ്റ്റർ വാടക ഇനത്തിൽ ട്രഷറി നിയന്ത്രണം മറികടന്നു തുക അനുവദിച്ചിട്ടുണ്ടോ; എത്ര തുകയാണ് അനുവദിച്ചത് ; വിശദാംശം വ്യക്തമാക്കുമോ; തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

## <u>എളവള്ളി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം</u>

518 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റുകളുടെ അനുബന്ധം II, വാല്യം II ൽ ക്രമ നമ്പർ 719 പ്രകാരവും, 2024-25 ലെ ബഡ്ജറ്റ് അനുബന്ധം II, വാല്യം II ൽ ക്രമ നമ്പർ 1129 പ്രകാരവും ടോക്കൺ തുക വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ധനാനുമതി/ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>വിക്ടിം കോമ്പൻസേഷൻ തുക അനുവദിക്കുന്നതിന് നടപടി</u>

519 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗികാതിക്രമം അടക്കമുള്ള കുറ്റകൃത്യങ്ങൾക്കിരയായ സ്ത്രീകൾ, കുട്ടികൾ എന്നിവർക്കടക്കം വിക്ടിം കോമ്പൻസേഷൻ പ്രകാരം കോടതികൾ വിധിച്ച 8 കോടിയോളം രൂപ, ധനകാര്യവകുപ്പിൽ നിന്നും പണം അനുവദിക്കാത്തത് കൊണ്ട് കുടിശികയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018 മുതൽ അനുവദിച്ച കോമ്പൻസേഷൻ തുക കുടിശികയായി അനുവദിക്കാൻ ഉണ്ടായിരുന്നിട്ടും 2024-25 ബഡ്ജറ്റിലേക്ക് 50 ലക്ഷം രൂപ മാത്രമാണ് ഈ ഇനത്തിൽ നീക്കി വെച്ചിട്ടുള്ളത് എന്നത് പരിശോധിക്കുകയുണ്ടായോ;

(സി) വിക്ടിം കോമ്പൻസേഷൻ പദ്ധതിയ്ക്കായി കുറഞ്ഞ തുക മാത്രം നീക്കിവെയ്ക്കാനിടയായ സാഹചര്യങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ലൈംഗികാതിക്രമം അടക്കമുള്ള കുറ്റകൃത്യങ്ങൾക്കിടയായവർക്ക് കോടതി വിധിക്കുന്ന ധനസഹായം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുന്ന തരത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ്

520 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; ഈ പ്രവൃത്തി മാറ്റി പകരം മേപ്പയ്യൂർ-ആവള-ചെറുവണ്ണൂർ റോഡിന്റെ പ്രവൃത്തിക്ക് 10 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) കത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് പ്രവൃത്തി മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ടിന്റെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ?

## മുണ്ടക്കുറ്റി പാലം നിർമ്മാണം

521 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി-മുള്ളൻകുന്ന് റോഡിലെ മുണ്ടക്കുറ്റി പാലം പുനർനിർമ്മാണത്തിന് ബജറ്റിൽ 20% വകയിരുത്തിയ പ്രവൃത്തിയുടെ ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

## ആശാവർക്കർമാരുടെ ഓണറേറിയം

522 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആശാവർക്കർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭീകരത</u>**

523 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകൂടവും മുതലാളിത്തവർഗവും ചേർന്നുള്ള ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭീകരതകളെക്കുറിച്ച് സാമ്പത്തിക വിദഗ്ദ്ധർ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും അതേസമയം ബാങ്ക് ദേശസാൽക്കരണം മുന്നോട്ടുവച്ച ലക്ഷ്യങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ സമീപനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റിസർവ് ബാങ്കിന്റെ ചുമതലയിലുള്ള വാണിജ്യ ബാങ്കുകളിലെ നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശ നിരക്ക് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം കേന്ദ്ര സർക്കാർ ഇപ്പോൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം വൻതോതിൽ വർദ്ധിക്കാനുള്ള മുഖ്യകാരണം പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കുകളും കൂട്ടുചേർന്നുള്ള കൺസോർഷ്യം വായ്പയാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ബാങ്കിംഗ് സേവനങ്ങളും സൗകര്യങ്ങളും സാധാരണക്കാർക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ജി.എസ്.ടി. വകുപ്പിന്റെ പുന.സംഘടന</u>**

524 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിന്റെ പുന.സംഘടന കാര്യക്ഷമമായി നടപ്പിലാക്കാനായിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**<u>സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം</u>**

525 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ധനകാര്യ വകുപ്പ് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ വകുപ്പുകളും ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് കൃത്യമായി ലഭ്യമാക്കാറുണ്ടോ;

(സി) ധനകാര്യ വകുപ്പിന്റെ മാനദണ്ഡ പ്രകാരം ആഭ്യന്തര പരിശോധനയ്ക്ക് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ ഏതൊക്കെ വകുപ്പിൽ ഇല്ലായെന്ന കാര്യം വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിച്ച് ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;?

## പങ്കാളിത്ത പെൻഷൻ പദ്ധതി

526 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിച്ച് ജീവനക്കാർക്ക് സുരക്ഷിതത്വം നൽകുന്ന ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ കൈവശമുള്ള റിപ്പോർട്ടിന്റെ തുടർ പരിശോധനയ്ക്കായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയിൽ ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളതെന്നും കമ്മറ്റി നാളിതുവരെ എത്രയോഗം ചേർന്നുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും കേന്ദ്രസർക്കാർ പ്രഖ്യാപിച്ച യു പി എസിലേക്ക് മാറാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

## മെഡിസെപ്

527 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ വിശദാംശങ്ങൾ ജില്ലാ തിരിച്ച് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ

528 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ചെത്തി ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ നാളിതുവരെചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണം

529 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നാറാത്ത്, പാപ്പിനിശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള റിവൈസ്ഡ് ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി സത്വരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കിഫ്ബി-റോഡിന്റെ വീതി നിശ്ചയിക്കുന്നത് സംബന്ധിച്ച്.

530 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ ഭാഗമായി റോഡിന്റെ വീതി നിശ്ചയിക്കുന്നതിന് കിഫ്ബി സ്വീകരിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത സംവിധാനങ്ങൾ ഉപയോഗിച്ച് റോഡിന്റെ വീതി കണക്കാക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് വീതി നിശ്ചയിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുമോ?

## ശ്രീപുരം ഗവ. എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

531 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന ശ്രീപുരം ഗവ. എച്ച്.എസ്.എസ്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) തുക അനുവദിച്ചിട്ടും നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## കൂരാച്ചുണ്ട് വാതക ശ്മശാനം

532 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിന് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നൂതന സാങ്കേതികവിദ്യകൾ

533 **ശ്രീ എം നൗഷാദ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിർമ്മിതബുദ്ധിയടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേവന മേഖലയിലെ നികുതി ചോർച്ച തടയുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ വിവരിക്കുമോ?

## <u>നികുതി പിരിവ്</u>

534 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിൽ 2016-17 മുതൽ 2023-24 വരെ ലക്ഷ്യമിട്ട തുകയും പിരിച്ചെടുത്ത തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ നികുതി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സംസ്ഥാനം പിരിച്ചെടുക്കാനുള്ള നികുതി കുടിശിക</u>

535 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ സംസ്ഥാനം വിവിധ നികുതി ഇനങ്ങളിൽ പിരിക്കാൻ ബാക്കിയുണ്ടായിരുന്ന തുക എത്രയാണ്; ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ഈ വർഷം അധിക നികുതി, ഫീസ്,മറ്റിനങ്ങളിലായി അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ട തുക എത്രയാണ്, വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്ത വിവിധ ഇനങ്ങളിലെ കുടിശിക എത്ര; ഇനി പിരിച്ചെടുക്കാൻ ബാക്കിയുള്ളത് എത്ര; അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ടതിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## <u>സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടി</u>

536 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ വിഹിതത്തിൽ ഹെഡ് തിരിച്ചുള്ള കുടിശ്ശിക വിവരം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>കേരളത്തിന് അനുവദിക്കപ്പെട്ട റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്</u>**

537 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നികുതി ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന് ഓരോ സാമ്പത്തിക വർഷവും ഐ.ജി.എസ്.ടി. ഇനത്തിൽ അനുവദിക്കപ്പെട്ട തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2004-2014 കാലഘട്ടത്തിൽ കേരളത്തിന് അനുവദിക്കപ്പെട്ട റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് എത്ര രൂപയാണ്; 2014-2024 കാലഘട്ടത്തിൽ കേരളത്തിന് അനുവദിക്കപ്പെട്ട റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് എത്ര രൂപയാണ്; വിശദമാക്കാമോ?

**<u>ജി.എസ്.ടി. നികുതി അടവ് ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ</u>**

538 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നികുതി അടവ് ഉറപ്പാക്കാനായി കേരള സർക്കാർ നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' പദ്ധതി കേന്ദ്ര സർക്കാർ 'മേര ബിൽ മേര അധികാർ' എന്ന പേരിൽ രാജ്യവ്യാപകമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>ടെസ്റ്റ് പർച്ചേസുകൾ</u>**

539 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെ എത്ര ടെസ്റ്റ് പർച്ചേസുകൾ നടത്തി; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ടെസ്റ്റ് പർച്ചേസുകളിൽ കണ്ടെത്തിയ കൃത്യമായി ബില്ല് എഴുതി നികുതി വാങ്ങുന്ന സ്ഥാപനങ്ങളുടെയും, ബില്ല് എഴുതാതെ പണം വാങ്ങുന്ന സ്ഥാപനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ബില്ല് എഴുതാതെ പണം വാങ്ങുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പിഴ ഇനത്തിൽ എത്ര രൂപ ഈടാക്കി എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>നികുതി വരുമാനത്തിലുണ്ടായ വളർച്ച</u>**

540 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ജി.എസ്.ടി സംവിധാനം അനുസരിച്ച് ജി.എസ്.ടി വകുപ്പിനെ അടിമുടി പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്രം വരുത്തിയ വീഴ്ച, റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം വരുത്തിയ കുറവ് തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ഞെരുക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## <u>സിനിമാ താരങ്ങളുടെ നികുതി വെട്ടിപ്പ്</u>

541 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ താരങ്ങളുടെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ്എടുത്തിട്ടുള്ളത് ; തീയതി ഉൾപ്പെടുത്തി ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കേസുകളിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയ തീയതി ലഭ്യമാക്കാമോ ; നോട്ടീസ് നൽകുവാൻ എന്തെങ്കിലും കാലതാമസം നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

## <u>ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ</u>

542 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത പരിശോധനയിലൂടെ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്നും ഇതിലൂടെ ജില്ല തിരിച്ച് നേടിയെടുത്ത അഡീഷണൽ ഡിമാന്റ് കളക്ഷൻ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2017 -18 മുതൽ 2023- 24 വരെ സംസ്ഥാന നികുതി വകുപ്പ് ബാർഹോട്ടലുകളുടെ കണക്കുകൾ പരിശോധിച്ച് പൂർത്തിയാക്കേണ്ടിയിരുന്ന നികുതി നിർണ്ണയങ്ങൾ എത്രയാണ്; ഇതിൽ പൂർത്തീകരിച്ചവ എത്രയെണ്ണമാണ്; ഇനി പൂർത്തീകരിക്കാനുള്ളത് എത്ര; പൂർത്തീകരിച്ചവയിൽ നിന്നും എത്ര രൂപ അഡീഷണൽ ഡിമാന്റ് കളക്ട് ചെയ്തു; ജില്ല തിരിച്ച് ക്രോഡീകരിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) ബാർ ഹോട്ടലുകളിലെ വാർഷിക പരിശോധനകൾ വേണ്ടെന്ന് വെച്ച് കേരളീയം, നവകേരള സദസ്സ് പോലുള്ള പരിപാടികൾക്ക് നികുതി വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് വ്യാപക പണപ്പിരിവ് നടത്തിയെന്ന ആക്ഷേപം ശരിയാണോ; ആണെങ്കിൽ ഈ പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; 2024 - 25 വർഷം സംസ്ഥാനത്ത് എത്ര ബാർഹോട്ടലുകളിൽ പരിശോധന നടത്തി;

ആ പരിശോധനയിൽ എത്ര നികുതി വെട്ടിപ്പ് കണ്ടെത്തിയെന്നും ആ തുകയുടെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ?

## ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ടുള്ള ജി.എസ്.ടി-ലെ മാറ്റങ്ങൾ

543 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജി.എസ്.ടി.യിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കാരണം ഭക്ഷ്യവസ്തുക്കൾക്കുണ്ടായിട്ടുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ വസ്തുക്കളുടെ നികുതി നിരക്ക് സമഗ്രമായി പുന:ക്രമീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര ജി.എസ്.ടി. നിയമഭേദഗതി ചെറിയ യൂണിറ്റുകളിൽ റീപാക്ക് ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ നികുതി ബാധ്യതയുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെയും ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെയും നികുതി കുറയ്ക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ?

## കോമ്പോസിഷൻ സ്കീമിൽ നികുതി

544 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോമ്പോസിഷൻ സ്കീമിൽ നികുതി ഒടുക്കുന്ന എത്ര നികുതിദായകർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത നികുതിദാതാക്കൾ തങ്ങളുടെ പരിധി മറികടന്നുവോയെന്ന് സംസ്ഥാന ജി.എസ്.ടി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ ഫലമായി റഗുലർ സ്കീമിലേക്ക് മാറിയ നികുതിദായകർ എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനങ്ങൾ

545 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ നിയമനങ്ങൾ നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം 6 മാസത്തിലധികം പ്രസ്തുത നിയമനങ്ങൾ സാധ്യമാണോ;

(ബി) ജി.എസ്.ടി. ഇന്റലിജൻസിന്റെ തലപ്പത്ത് കരാർ നിയമനം നടത്തിയാലുണ്ടാകുന്ന ദൂഷ്യവശങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇത് സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമാണോ; വ്യക്തമാക്കുമോ?

## GST വകുപ്പിലെ അരിയർ റിക്കവറി

546 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന GST വകുപ്പിലെ അരിയർ റിക്കവറി വിഭാഗത്തിന്റെ പ്രവർത്തന ഫലമായി കുടിശ്ശികക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ ഭാഗമായി 2024- 25 വർഷം എത്ര രൂപ റിക്കവറിയിലൂടെ നേടിയെടുത്തു; 2024 സെപ്റ്റംബർ 30 വരെ മാസം തിരിച്ചുള്ള കണക്ക് SGST/ IGST / കാലഹരണപ്പെട്ട നികുതി നിയമങ്ങളിലെ കുടിശ്ശിക തരംതിരിച്ച് ലഭ്യമാക്കാമോ?

## ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിങ്ങിന്റെ പ്രവർത്തനങ്ങൾ

547 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. എൻഫോഴ്സ്മെന് വിങ്ങിന്റെ പ്രവർത്തന ഫലമായി 2023-24 സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് 31 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ; ആയതിൽ നിന്നും എത്ര തുക നികുതിയായും പിഴയായും ഈടാക്കിയെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിങ്ങ് പരിശോധിച്ച ഇ-വേ ബില്ലുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## GST വരുമാനം

548 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം 2024-25 സാമ്പത്തിക വർഷത്തിൽ എത്ര പ്രതീക്ഷിച്ചുവെന്ന് വ്യക്തമാക്കുമോ ; 2024 സെപ്റ്റംബർ 30 വരെ എത്ര ലഭിച്ചുവെന്ന് അറിയിക്കുമോ ; എസ്.ജി.എസ്.ടി./ഐ.ജി.എസ്.ടി. എന്നിങ്ങനെ തരം തിരിച്ച് പ്രതിമാസ കണക്ക് ലഭ്യമാക്കാമോ ;

(ബി) വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ ഇടപെടൽ മൂലം അധികമായി സമാഹരിച്ച നികുതിയെ ഓഡിറ്റ് / ടാക്സ്പെയർ / ഇൻറലിജൻസ് / എൻഫോഴ്സ്മെൻറ് എന്നിങ്ങനെ തരം തിരിച്ച് എസ്.ജി.എസ്.ടി./ ഐ.ജി.എസ്.ടി. എന്നിവയുടെ പ്രതിമാസ കണക്ക് ലഭ്യമാക്കാമോ ?

## പരിധി കഴിഞ്ഞിട്ടും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാത്ത നികുതിദായകർ

549 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം രജിസ്ട്രേഷൻ പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാത്ത നികുതിദായകരെ സംബന്ധിച്ച് അതത് ടാക്സ്പെയർ സർവ്വീസ് സർക്കിളുകൾ എന്തെങ്കിലും സർവ്വേകൾ

നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർവ്വേയുടെ ഭാഗമായി നികുതി വലയത്തിലേക്ക് വന്ന നികുതിദായകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

## സിനിമാ താരങ്ങളുടെ നികുതി വെട്ടിപ്പ്

550 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് സിനിമാതാരങ്ങളുടെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ടിലെ തീയതികൾ ലഭ്യമാക്കാമോ; ഈ അന്വേഷണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ നികുതി വെട്ടിപ്പ് നികുതി, പലിശ, പിഴ എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ നിന്നും സർക്കാരിലേക്ക് ഒടുക്കിയ തുക നികുതി, പലിശ, പിഴ എന്നിവ വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ബാക്കി തുകയ്ക്ക് വകുപ്പ് 74 അനുസരിച്ചുള്ള എസ്.സി.എൻ. (ഷോ കോസ് നോട്ടീസ്) നൽകിയ തീയതി വർഷം തിരിച്ച് ലഭ്യമാക്കാമോ; എസ്.സി.എൻ. നൽകുവാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയ ഓഫീസർ, ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർ എന്നിവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; ടി വിഷയത്തിൽ സംസ്ഥാന വിജിലൻസ് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഏതെങ്കിലും താരം നികുതി നിർണ്ണയ സമയപരിധി ചൂണ്ടിക്കാട്ടി ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## GST വകുപ്പിലെ പ്രൊമോഷൻ

551 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് മുഖേനയോ പാസാകാത്ത വകുപ്പ് തല പരീക്ഷ പാസായെന്ന് സേവന പുസ്തകത്തിൽ എഴുതി ചേർത്തോ പ്രമോഷൻ നേടിയെന്ന് കണ്ടെത്തിയ എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് 2024 സെപ്റ്റംബറിൽ സർക്കാരിന് ജി.എസ്.ടി. വകുപ്പ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇത് സംബന്ധിച്ച് പോലീസിന് നൽകിയ പരാതിയുടെ പകർപ്പ് നൽകുമോ ; പ്രസ്തുത പരാതിയിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

## ജി.എസ്.ടി വകുപ്പിലെ പൊതു സ്ഥലംമാറ്റം

552 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി വകുപ്പിൽ 2017- ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ചുള്ള സ്ഥലംമാറ്റ നടപടികൾ ഈ വർഷം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതി നിർദേശം നിലവിലുണ്ടോ; ഇതിലേയ്ക്കായി ഓൺലൈൻ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) 2024 ഓഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി ഉണ്ട്; തരംതിരിച്ച കണക്ക് ലഭ്യമാക്കാമോ?

## കേന്ദ്രസർക്കാരിൽ നിന്നുള്ള നികുതി വിഹിതം

553 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് അനുവദിച്ച നികുതിവിഹിതവും നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള വർദ്ധന നിരക്കും മറ്റ് സംസ്ഥാനങ്ങൾക്ക് ഇതേ കാലയളവിൽ അനുവദിച്ച നികുതി വിഹിതവുമായി താരതമ്യം ചെയ്തിട്ടുണ്ടോ;

(ബി) ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും മുഖേനയുള്ള കേന്ദ്ര ധനസഹായ പദ്ധതികളുടെ അൻപത്തിയഞ്ച് ശതമാനം ചില സംസ്ഥാനങ്ങൾക്ക് മാത്രമായി നീക്കിവച്ചുകൊണ്ട് മറ്റു സംസ്ഥാനങ്ങളെ മാറ്റി നിർത്തുന്നുവെന്ന് റിസർവ്വ് ബാങ്ക് ഈ വർഷം പുറത്തിറക്കിയ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായുണ്ടായിട്ടുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി സ്വീകരിച്ച വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

## എ.എൻ.പി.ആർ. ക്യാമറകൾ

554 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ എത്ര എ.എൻ.പി.ആർ ക്യാമറകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്; നിലവിൽ ഇതെല്ലാം പ്രവർത്തന സജ്ജമാണോ; അല്ലെങ്കിൽ പ്രവർത്തന സജ്ജമല്ലാതായിട്ട് എത്ര നാളായി;

(ബി) പ്രസ്തുത ക്യാമറകൾ വഴിയുള്ള ഡാറ്റ മുഖേന കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പ്രതിമാസം കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ എണ്ണം വ്യക്തമാക്കാമോ ?

## വീര്യം കുറഞ്ഞ മദ്യം

555 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ട് ബക്കാഡി കമ്പനി നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ചോ അല്ലാതെയോ നികുതി വകുപ്പിൽ ഏതെങ്കിലും അപേക്ഷ ലഭ്യമാക്കിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നികുതി വകുപ്പ് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; ടി വിഷയത്തിൽ നികുതി വകുപ്പ് കമ്മീഷണർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ട്രഷറി നിയന്ത്രണം

556 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണയാണ് ട്രഷറികളിൽ നിയന്ത്രണം ഏർപ്പെടുത്തിയതെന്നും അതിനിടയാക്കിയ സാഹചര്യം എന്താണെന്നും വിശദമാക്കാമോ;

(ബി) സാമ്പത്തിക വർഷം അവസാനിക്കുന്ന കാലയളവിൽ ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സർക്കാർ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ;

(സി) ട്രഷറി നിയന്ത്രണം നടപ്പിലാക്കിയതിലൂടെ സംസ്ഥാന സർക്കാരിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ട്രഷറി നിയന്ത്രണം

557 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ കരാറുകാരുടെ ബില്ലുകൾ ട്രഷറി നിയന്ത്രണം കാരണം പാസാകാത്തതിനാൽ പല പുതിയ പ്രവൃത്തികളും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## തൃക്കരിപ്പൂരിൽ പുതിയ സബ്ട്രഷറി

558 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ നേരത്തെ ഉണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കി പുതിയ സബ്ട്രഷറി അനുവദിക്കുമെന്ന് മുൻസർക്കാർ പ്രഖ്യാപിച്ചിട്ടും പ്രസ്തുത സബ്ട്രഷറി അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

## മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം

559 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം**

560 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) വളാഞ്ചേരി സബ്ട്രഷറിക്ക് വേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോട്ടയ്ക്കൽ സബ് ട്രഷറിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) വളാഞ്ചേരി, കോട്ടക്കൽ സബ്ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**ട്രഷറി അക്കൗണ്ടുകൾ സുതാര്യമാക്കാൻ നടപടി**

561 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിഷ്ക്രിയ അക്കൗണ്ടുകളും അപൂർണ്ണമായ അക്കൗണ്ട് വിവരങ്ങളും ഉൾപ്പെടെ സംസ്ഥാനത്തെ ട്രഷറി അക്കൗണ്ടുകളിൽ നിരവധി അപാകതകൾ ഉണ്ടെന്ന സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.വൈ.സി. വിവരങ്ങൾ ഇല്ലാത്ത നിരവധി കസ്റ്റമർ ഐഡികൾ ഉള്ളതായും ഒരേ കെ.വൈ.സി. രേഖകളുടെ അടിസ്ഥാനത്തിൽ ഒന്നിലധികം കസ്റ്റമർ ഐ.ഡി.കൾ നൽകിയിട്ടുള്ളതായും ഒരു കസ്റ്റമർ ഐ.ഡി. ഉപയോഗിച്ച് ഒന്നിലധികം അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതായും റിപ്പോർട്ടിൽ നിരീക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന വ്യക്തമാക്കുമോ;

(സി) ട്രഷറി തട്ടിപ്പുകൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ട്രഷറി അക്കൗണ്ടുകളുടെ വിശ്വാസ്യത സംരക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറി നിർമ്മാണം

562 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ-ന് അംഗീകാരം നൽകി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## സർവ്വീസ് പെൻഷൻ ട്രഷറിമാറ്റലും പേഴ്സണൽ സ്റ്റാഫിന്റെ മസ്റ്ററിംഗും സംബന്ധിച്ച നടപടിക്രമങ്ങൾ

563 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷൻ ഒരു ട്രഷറിയിൽ നിന്ന് മറ്റൊരു ട്രഷറിയിലേക്ക് മാറ്റുന്നതിന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ അതിൻമേലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് മസ്റ്ററിംഗിന് അൺഎംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് ഈ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ?

## ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം

564 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സബ് ട്രഷറി കെട്ടിടത്തിന്റെ ശോച്യാവസ്ഥയും സ്ഥലപരിമിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പി.എം.സി.യെ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ., പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഏജൻസികൾക്ക് ലോട്ടറി വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം

565 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഓഫീസുകളിൽ നിന്നും ഏജന്റുമാർക്ക് ലോട്ടറി ടിക്കറ്റുകൾ വിതരണം ചെയ്യുന്നത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കേരള ഭാഗ്യക്കുറിക്ക് നിലവിൽ എത്ര ഏജന്റുമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാധാരണക്കാരായ ചെറുകിട ഏജന്റുമാർക്കും പുതുതായി ഏജൻസി എടുത്തവർക്കും വില്പനയ്ക്കായി ലോട്ടറി ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന പരിഷ്കരണം

566 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ ഓരോ ദിവസത്തെ നറുക്കെടുപ്പിനും വേണ്ടി എത്ര ടിക്കറ്റുകളാണ് അച്ചടിക്കുന്നതെന്നും ഇതുവഴി എത്ര രൂപയാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഓരോ വിഭാഗത്തിലുംപെട്ട ലോട്ടറി ടിക്കറ്റ് വിൽപ്പനത്തുകയുടെ എത്ര ശതമാനമാണ് സമ്മാനമായി നൽകുന്നതെന്നും ഇത് എത്ര രൂപയാണെന്നും വിശദമാക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് ജനങ്ങൾക്ക് കൂടുതൽ ആകർഷകമാക്കുന്നതിനായി കൂടുതൽ പേർക്ക് സമ്മാനം ലഭിക്കുന്ന തരത്തിൽ സമ്മാനഘടന പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധനവ്

567 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റിന്റെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; ടിക്കറ്റിന്റെ വില വർദ്ധനവ് വഴി കൂടുതൽ കച്ചവടക്കാർക്ക് ലഭിക്കുന്ന നേട്ടം എന്തുകൊണ്ട് നടപ്പിലാക്കുന്നില്ലെന്ന് വിശദമാക്കാമോ?

## ലോട്ടറി സമ്മാനം കൈപ്പറ്റാത്ത വകയിൽ ലഭിച്ച തുക

568 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കേരള സർക്കാരിന്റെ വിവിധ ലോട്ടറികളിലായി സമ്മാനാർഹമാകുകയും എന്നാൽ സമ്മാനം കൈപ്പറ്റാതിരിക്കുകയും ചെയ്ത വകയിൽ എത്ര രൂപ സർക്കാരിന് ലഭിച്ചു എന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ ലഭിച്ച തുകയിൽ എത്ര രൂപ വീതം ഓരോ വർഷവും ചികിത്സാ സഹായ പദ്ധതിക്കായി നൽകി എന്ന് വിശദമാക്കാമോ?

## സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ

569 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് പേരും തസ്തികയും സഹിതം നൽകാമോ;

(ബി) ഇതിൽ മൂന്ന് വർഷം ആസ്ഥാന ഓഫീസിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാർ എന്ന് മുതലാണ് അവിടെ ജോലിനോക്കുന്നതെന്നുള്ള വിശദവിവരം വ്യക്തമാക്കാമോ;

(സി) 2017-ലെ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റം ഈ വകുപ്പിൽ നടത്തുന്നുണ്ടോ;

(ഡി) ഈ വർഷത്തെ പൊതു സ്ഥലംമാറ്റം കഴിഞ്ഞോയെന്നും എങ്കിൽ അതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദീകരിക്കുമോ;

(ഇ) ഓഡിറ്റ് റിപ്പോർട്ടുകളിൽ മറുപടി നൽകിയാലും യഥാസമയം അവ പരിശോധിച്ച് ഓഡിറ്റ് വകുപ്പിൽ നടപടികൾ സ്വീകരിക്കാത്തതിനാൽ തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരും പെൻഷൻ പറ്റുമ്പോൾ അവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിന്റെ കാര്യം പരിശോധിക്കുമോ;

(എഫ്) ഏതു വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളാണ് നടപടി പൂർത്തിയാക്കാൻ പെന്റിങ്ങുള്ളതെന്ന് വർഷം സഹിതം വിശദാംശങ്ങൾ നൽകാമോ;

(ജി) ഓഡിറ്റ് കമ്മീഷൻ രൂപീക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഡയറക്ടർ തസ്തിക ഐ.എ.എസ്. കേഡർ ആക്കുമോ?

## കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

570 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ശാഖകൾ വാർഷിക ബിസിനസ് ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ഹെഡ് ഓഫീസ്, റീജണൽ ഓഫീസ് തലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വാർഷിക ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ ശാഖകൾ വീഴ്ച വരുത്തിയതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷക്കാലയളവിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഏതൊക്കെ തരത്തിലുള്ള ശിക്ഷാനടപടികൾക്ക് വിധേയരായെന്ന് വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച ശാഖകളിലെ ബിസിനസിന്റെ ചുമതലകൾ മേൽകാലയളവിൽ വഹിച്ചിരുന്ന ഹെഡ് ഓഫീസിലെയും റീജണൽ ഓഫീസിലെയും ഉദ്യോഗസ്ഥരിൽ ആരെയൊക്കെ വീഴ്ചയുടെ ഭാഗമായി ശിക്ഷാനടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർ, പാനൽ അഡ്വക്കേറ്റ് എന്നിവരുമായി ഏതൊക്കെ തരത്തിലുള്ള കരാറുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ഇ) വസ്തുവില നിർണയത്തിലെയോ വസ്തു സ്വീകരിക്കുന്നതിലെ നിയമോപദേശത്തിലെയോ വീഴ്ചകൾ കാരണം കെ.എസ്.എഫ്.ഇ.ക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ പ്രോപ്പർട്ടി വാല്യുവർമാരിൽ നിന്നും പാനൽ അഡ്വക്കേറ്റുമാരിൽ നിന്നും ഈടാക്കുന്ന തരത്തിലുള്ള കരാറുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വരുന്ന സാമ്പത്തിക വർഷം മുതൽ അത്തരത്തിലുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുമോയെന്ന് അറിയിക്കുമോ;

(എഫ്) വരുന്ന സാമ്പത്തിക വർഷം മുതൽ കെ.എസ്.എഫ്.ഇ.യിൽ ജാമ്യം വയ്ക്കുന്ന വസ്തുവിന്റെ വില നിർണയത്തിന് ശാസ്ത്രീയവും ആധികാരികവുമായ വ്യവസ്ഥകളും ക്രമീകരണങ്ങളും നടപ്പിലാക്കാമോ?

**<u>കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ</u>**

571 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പുതിയ ബ്രാഞ്ച് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കാർത്തികപ്പള്ളിയിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖ</u>**

572 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളിയിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിനോ കെ.എസ്.എഫ്.ഇ.യ്ക്കോ എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

**<u>മെഡിസെപ്പിന് പുറത്തുള്ള മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ്</u>**

573 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 2024 ഓഗസ്റ്റ് 31 വരെ മെഡിസെപ്പിന് പുറത്തുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് വഴിയുള്ള എത്ര അപേക്ഷകളിൽ തുക കൊടുത്ത് തീർക്കുവാനുണ്ട്; ഇതിൽ ഉൾപ്പെടുന്ന തുക എത്രയാണെന്ന് വകുപ്പ് തിരിച്ചുള്ള എണ്ണവും തുകയും ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ സാമ്പത്തിക പരാധീനത മൂലം പ്രസ്തുത അപേക്ഷകൾ അകാരണമായി താമസിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപേക്ഷകൾ തീർപ്പാക്കുവാൻ സേവനാവകാശ നിയമപ്രകാരം കാലപരിധി നിലവിലുണ്ടോ; ഇത്തരം അപേക്ഷകളിൽ ആശുപത്രി ചികിത്സാ ചെലവുകൾ സമയബന്ധിതമായി കൊടുക്കുവാൻ വേണ്ട നിർദേശം നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

**<u>മെഡിസെപ്പ്</u>**

574 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിസെപ്പിലൂടെ എത്ര തുകയാണ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സക്കായി അനുവദിച്ചിട്ടുള്ളതന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ജീവനക്കാരും പെൻഷൻകാരുമാണ് മെഡിസെപ്പിൽ അംഗങ്ങളായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ആളുകൾക്ക് സമയബന്ധിതമായി ഇൻഷുറൻസ് തുക നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതന്ന് വിശദമാക്കുമോ?

## മെഡിസെപ്പ് പദ്ധതി

575 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയത് എന്നു മുതലാണെന്നും ജീവനക്കാരും സർവീസ് പെൻഷൻകാരും നൽകി വരുന്ന മെഡിസെപ്പ് പ്രീമിയം തുക എത്ര വീതമാണെന്നും അറിയിക്കുമോ;

(ബി) ഒരു വർഷം ഇത്തരത്തിൽ എത്ര തുകയാണ് മെഡിസെപ്പ് പദ്ധതിക്കായി ശമ്പളം/ പെൻഷനിൽ നിന്നും സർക്കാർ പിടിക്കുന്നത്; നിലവിൽ ഏത് കമ്പനിയാണ് മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും സർക്കാർ എത്ര തുകയാണ് ഓരോ വർഷവും ഈ ഇൻഷുറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ നൽകി വരുന്നതെന്നുംഅറിയിക്കുമോ;

(സി) ഏതൊക്കെ ചികിത്സയ്ക്കാണ് മെഡിസെപ്പ് മുഖേന ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്; സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് മെഡിസെപ്പ് ചികിത്സാ സൗകര്യം ലഭിക്കുന്നത്; വ്യക്തമാക്കുമോ?

## മെഡിസെപ് പദ്ധതി

576 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതി നടപ്പാക്കിയത് എന്നു മുതലാണ്; മെഡിസെപ് പ്രീമിയം തുകയായി എത്ര തുക വീതമാണ് ജീവനക്കാരും സർവ്വീസ് പെൻഷൻകാരും നൽകി വരുന്നത്; വിശദമാക്കാമോ;

(ബി) ഒരു വർഷം ഇത്തരത്തിൽ എത്ര തുകയാണ് മെഡിസെപ് പദ്ധതിക്കായി സർക്കാർ ശമ്പളം/പെൻഷനിൽ നിന്ന് പിടിക്കുന്നത്; നിലവിൽ ഏത് കമ്പനിയാണ് മെഡിസെപ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി വരുന്നത്; സർക്കാർ എത്ര തുകയാണ് ഓരോ വർഷവും ഈ ഇൻഷുറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ നൽകി വരുന്നത്;

(സി) ഏതൊക്കെ ചികിത്സകൾക്കാണ് മെഡിസെപ് മുഖേന ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്; സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് മെഡിസെപ് ചികിത്സാ സൗകര്യം ലഭിക്കുന്നത്;വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലെയും ചില പ്രധാനപ്പെട്ട ചികിത്സാ വിഭാഗങ്ങളെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ഒരേ ആശുപത്രിയിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും മെഡിസെപ് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മെഡിസെപ് പദ്ധതിയിൽ അംഗമായ ചില സ്വകാര്യ ആശുപത്രികൾ ഗുണഭോക്താക്കൾക്ക് മെഡിസെപ് ആനുകൂല്യം നിഷേധിക്കുന്ന നിലപാട് സ്വീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമായുള്ള കരാർ</u>

577 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

578 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈയിൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതി മുഖാന്തിരം ചികിത്സാ ക്ലെയിമുകൾക്കായി ഇതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>കേരള ധനകാര്യ കോർപ്പറേഷൻ</u>

579 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്തുണ്ടാകുന്ന മുന്നേറ്റത്തിൽ കേരള ധനകാര്യ കോർപ്പറേഷൻ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്റ്റാർട്ടപ്പ് മേഖലയുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകുന്നത് സംബന്ധിച്ച്.

580 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ അഭിഭാഷകർക്ക് പ്രതിമാസം 300 രൂപ വീതം സ്റ്റൈപന്റ് നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കോടതികളിൽ ഈ സ്റ്റൈപന്റ് ലഭ്യമാക്കുന്ന ജൂനിയർ അഭിഭാഷകരുടെ എണ്ണം ലഭ്യമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ വ്യവസായ സഹകരണ സംഘങ്ങൾ

581 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തിക്കാത്തതുമായ വ്യവസായ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനം നിലച്ചുപോയവയുടെ ആസ്തി-ബാധ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; അവയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി

582 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലെ കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി (സുരഭി)യുടെ കീഴിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര ഷോറൂമുകളുണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) സുരഭിയിൽ 2024 ജനുവരിക്ക് ശേഷം എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം നൽകിയിട്ടുണ്ടെന്നും വിശദമാക്കാ മോ;

(സി) തിരുവനന്തപുരം സുരഭി ഷോറൂമിൽ നിന്നും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വിരമിച്ച എസ്. ഹരിഹരൻ എന്ന ആളുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് ടിയാന് നൽകാനുള്ളത്;

(ഡി) ടിയാൻ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് തിരുവനന്തപുരം നവ കേരള സദസ്സിൽ നൽകിയ പരാതി ഡോക്കറ്റ് നമ്പർ. ജി. 3230801912-മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ടിയാന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

583 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ഇൻഡസ്ലിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണുള്ളതെന്നും അതിൽ പ്രവർത്തന രഹിതമായിട്ടുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ സ്വന്തമായി ഭൂമിയുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

**<u>കേരള ഓട്ടോമൊബൈൽസിന്റെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക</u>**

584 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട് സ്ഥിതി ചെയ്യുന്ന കേരള ഓട്ടോമൊബൈൽസിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്ക് 2021 മുതൽ 2024 മാർച്ച് വരെ എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഓട്ടോമൊബൈൽസിൽ പ്രതിമാസം എത്ര ഇലക്ട്രിക്കൽ ഓട്ടോകളാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>**

585 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖാ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സി.എസ്.ആർ ഫണ്ട്</u>**

586 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സി.എസ്.ആർ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മികച്ച ഭരണത്തിനും സുതാര്യതയ്ക്കുമായി സി.എസ്.ആർ കമ്മിറ്റിയിൽ സ്വതന്ത്ര ഡയറക്ടർമാരെ നിയമിക്കുവാൻ പൊതുമേഖല സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ

587 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ നാളിതുവരെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും പ്രവർത്തനം നിർത്തിവച്ചിരിക്കുന്നവയുടെയും പൂർണമായും പ്രവർത്തനം അവസാനിപ്പിച്ചവയുടെയും എണ്ണം എന്നിവ വ്യക്തമാക്കുമോ;

(സി) 2016 ൽ മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കുമോ; ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതും പ്രവർത്തനം നിർത്തിവച്ചിരുന്നതും പൂർണമായും പ്രവർത്തനം അവസാനിപ്പിച്ചതുമായ സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കുമോ;

(ഡി) 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ പുതുതായി പ്രവർത്തനമാരംഭിച്ചതും പൂട്ടിക്കിടക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ട് പുനരാരംഭിച്ചതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) നഷ്ടത്തിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കൊയിലാണ്ടി മൂടാടിയിൽ കെൽട്രോൺ പ്രവർത്തിക്കുന്ന സ്ഥലത്ത് വികസന പ്രവർത്തനം

588 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മൂടാടിയിൽ കെൽട്രോൺ പ്രവർത്തിക്കുന്ന സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കാമോ ?

## കെൽട്രോൺ

589 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, എൻ.ടി.ആർ.ഒ. ഇന്ത്യൻ നേവി എന്നീ സ്ഥാപനങ്ങളുമായി സഹകരിച് ലാർജ് അക്കൗസ്റ്റിക് അറേയ്സ് ന്റെ റിപ്പയർ /റീഫർബിഷ്മെന്റ് ജോലികൾ തൃശ്ശൂർ മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ യൂണിറ്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച സാധ്യത പഠനത്തിന്റെ ഡി.പി .ആർ -ന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡി.പി.ആർ. കെൽട്രോൺ കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## നഷ്ടത്തിലായ പൊതു മേഖല സ്ഥാപനങ്ങൾ

590 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പൊതുമേഖല സ്ഥാപനങ്ങളാണ് നഷ്ടത്തിലായതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പൊതുമേഖല സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിച്ച കാരണങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) നഷ്ടത്തിലായ പൊതുമേഖല സ്ഥാപനങ്ങളെ പുനർജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ?

## പൊതുമേഖലാസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി

591 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ഐ.സി., കെ.എസ്ഐ.ഡി.സി., കിൻഫ്രാ, സിഡ്കോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ എന്നിവയുടെ കീഴിലുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണ് ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കീഴിൽ എത്ര ഭൂമിയാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

592 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ?

## ഐ.ടി. പാർക്കിനായി കണ്ടെത്തിയ ഭൂമി വ്യവസായ പാർക്കാക്കി മാറ്റുന്നതിനുള്ള നടപടി

593 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ ഐ.ടി. പാർക്കിനായി കണ്ടെത്തിയ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്കാക്കി മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്തിന്റെ സെസ് പദവി ഡിനോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) വ്യവസായ പാർക്കാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; എങ്കിൽ യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നൂതനപദ്ധതികൾ

594 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം മുകേഷ്**
**ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നൂതനപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഐ.ഡി.സി. കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരളത്തെ രാജ്യത്തിന്റെ റോബോട്ടിക് ഹബ്ബ് ആക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

## മഞ്ചേരി പയ്യനാട് ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്ലോട്ട് അനുവദിച്ചത് സംബന്ധിച്ച്

595 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാടുള്ള ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2013 ൽ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം മുഴുവൻ തുകയും അടച്ച അഞ്ച് ചെറുകിട സംരംഭകരിൽ നിന്നും പുതിയ വ്യവസായ നയപ്രകാരം അധിക തുക ഈടാക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷയിലെ ആവശ്യം പ്രത്യേകമായി പരിഗണിക്കുന്നതിനും അധിക തുക ഈടാക്കുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആഗോള നിക്ഷേപക സംഗമം

596 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഒന്നാമത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ള നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആഗോള നിക്ഷേപക സംഗമവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകൾ

കേന്ദ്രീകരിച്ചാണ് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഇ-കൊമേഴ്സ് പോർട്ടൽ

597 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് പോർട്ടലിലൂടെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങളാണ് ഓൺലൈനായി വാങ്ങാൻ കഴിയുന്നത് എന്ന വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## വ്യവസായ വാണിജ്യ മേഖലയിലെ സംസ്ഥാനത്തിന്റെ നേട്ടം

598 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുറത്തിറക്കിയ ഭരണമികവ് സൂചികയിൽ സംസ്ഥാനം മുന്നിൽ എത്തിയതിന് വ്യവസായ മേഖലയുടെ മികവ് ഒരു കാരണമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വ്യവസായ വാണിജ്യ മേഖലയിലെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഉയർന്ന സ്കോർ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വ്യവസായ സൗഹൃദ സംസ്ഥാനം

599 **ശ്രീ. എം.വിജിൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പൂർത്തിയാക്കാവുന്ന തരത്തിലേക്ക് സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിക്ഷേപ സമാഹരണ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## വ്യാവസായിക അന്തരീക്ഷം

600 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ, 2018 ൽ 28ാം സ്ഥാനത്തായിരുന്ന സംസ്ഥാനത്തെ 2024 ൽ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടി എന്തെല്ലാം മാറ്റങ്ങൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ;

(സി) നിലവിൽ വിദേശ നിക്ഷേപകരെ സ്വീകരിക്കുന്നതിൽ പുതിയതായി എന്തെല്ലാം മാറ്റങ്ങൾ വ്യാവസായിക അന്തരീക്ഷത്തിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

601 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ ഡി കെ മുരളി**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ മികച്ച നേട്ടം സ്വന്തമാക്കുന്നതിനായി ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ മൂലം നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂടുന്ന സാഹചര്യം ഉണ്ടാകുമോ; വിശദമാക്കുമോ?

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

602 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഏകജാലക സംവിധാനം വഴി സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കാണ് ഈ സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ സ്ഥലം അർഹതപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി

603 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ചുകിട്ടിയ സംരംഭകർ ഒരു പദ്ധതിയും ആരംഭിക്കാതിരിക്കുന്ന പക്ഷം അത് തിരിച്ചെടുത്ത് അർഹതയുള്ള മറ്റ് അപേക്ഷകർക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടി ക്രമം വിശദമാക്കാമോ;

(ബി) അനുവദിച്ച സ്ഥലത്ത് പദ്ധതി ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്നവരിൽ നിന്ന് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി എന്താണ്; ഈ രണ്ടിനത്തിലും നിലവിൽ വെറുതെ കിടക്കുന്ന സ്ഥലം സംബന്ധിച്ച് ജില്ലാതലത്തിൽ ഡാറ്റ ലഭ്യമാണോ; വിശദമാക്കാമോ?

<u>**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ**</u>

604 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021 മുതൽ 2024 ഓഗസ്റ്റ് വരെ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു വെന്ന് വിശദമാക്കാമോ; നഗരസഭ-പഞ്ചായത്ത് പ്രകാരം അനുവദിച്ച വ്യവസായ സംരംഭങ്ങളുടെ പേരുവിവരം വ്യക്തമാക്കാമോ?

<u>**ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ**</u>

605 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് സഹായം ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്എം.ഇ. പദ്ധതി പ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ കരകൗശല മേഖലയ്ക്കായുള്ള ആശാ പദ്ധതി പ്രകാരം എത്ര സൂക്ഷ്മ സംരംഭങ്ങളാണ് ഈ സർക്കാർ ആരംഭിച്ചിട്ടുള്ളതെന്നും അതിന് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്നും വിശദമാക്കാമോ?

<u>**വനിതകൾ ആരംഭിച്ച പുതിയ സംരംഭങ്ങൾ**</u>

606 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ വനിതകൾ ആരംഭിച്ച സംരംഭങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

<u>**പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച്.**</u>

607 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയാർ റയൺസ് ഭൂമിയിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് ബിർല മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഹൈക്കോടതിയിൽ പ്രസ്തുത സ്ഥലത്ത് സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായം കൊണ്ടുവരുന്നതിന് സ്റ്റേ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേ നീക്കാൻ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ;

(സി) ഹൈക്കോടതിയിലെ കേസ് തീർപ്പാകാത്തതിന്റെ കാരണം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേസ് വേഗത്തിൽ തീർപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## പുനലൂരിലെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള പ്രോജക്ട്

608 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലെ പ്ലാച്ചേരിയിൽ, നഗരസഭ കുടുംബശ്രീ അംഗങ്ങളുടെ പിന്തുണയോടെ പ്രവർത്തിപ്പിക്കുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് അധികമായി ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് തരികൾ തമിഴ് നാട്ടിലെ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾക്ക് വളരെ കുറഞ്ഞ ചെലവിൽ വിപണനം ചെയ്യേണ്ടിവരുന്നതിനാൽ പ്രസ്തുത തരികൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിനായി സർക്കാരിനു സമർപ്പിച്ചിട്ടുള്ള പ്രൊജക്ടിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) മൂന്ന് ഏക്കർ വിസ്തീർണ്ണമുള്ളതുമായ പ്രസ്തുത യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നഗരസഭ ഉൾപ്പെടെ ജില്ലയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള നൂതന രീതി എന്ന നിലയിൽ സമർപ്പിച്ചിട്ടുള്ള പ്രൊജക്ടിൻമേൽ തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സംരംഭക വർഷം 2.0 പദ്ധതി

609 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം 2.0 പദ്ധതി എന്നാണ് ആരംഭിച്ചത്; ഇതിന്റെ ഭാഗമായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും വിശദമാക്കാമോ;

(ഡി) സംരംഭക വർഷം 1.0 പദ്ധതി പ്രകാരം എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര രൂപ മുതൽമുടക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ

ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>സംരംഭകവർഷം പദ്ധതി</u>**

610 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>.ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കാനുള്ള പദ്ധതി</u>**

611 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി സൗഹൃദ ഇന്ധനമായി കണക്കാക്കുന്ന ഗ്രീൻ ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഹൈഡ്രജൻ ഉല്പാദനം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെ എപ്രകാരം സഹായിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഗ്രീൻ ഹൈഡ്രജൻ ഉല്പാദനത്തിന്റെ ചുമതല ഏതെല്ലാം ഏജൻസികളെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം</u>**

612 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ അടിസ്ഥാന മേഖലയിലുണ്ടാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വ്യവസായിക മേഖലയിലുണ്ടായ നിക്ഷേപവർദ്ധവ് വിശദമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനനുബന്ധമായി വ്യാവസായിക മേഖലയിലുണ്ടായ മാറ്റം വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖ വികസനത്തിനോടനുബന്ധിച്ച് വ്യാവസായിക മേഖലയിലെ നിക്ഷേപം ആകർഷിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>നിക്ഷേപകരെ ആകർഷിക്കാൻ റൗണ്ട് ടേബിളുകൾ</u>**

613 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന റൗണ്ട് ടേബിളുകളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്നും ഏതെല്ലാം റൗണ്ട് ടേബിളുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

**<u>ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉല്പന്നം പദ്ധതിയുടെ പുരോഗതി</u>**

614 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉല്പന്നം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരത്തെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ. യോട് ചേർന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം</u>**

615 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ. യോട് ചേർന്ന് കിടക്കുന്നതും, മുമ്പ് ചെറുകിട വ്യവസായങ്ങൾ പ്രവർത്തിച്ചുവന്നതുമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വ്യവസായ വകുപ്പിന്റേതാണോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>നവോദയ കുന്നിലെ കിൻഫ്ര പദ്ധതി</u>**

616 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് മണ്ഡലത്തിലെ നവോദയ കുന്നിൽ കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**<u>സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സമഗ്ര മുന്നേറ്റം</u>**

617 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സമഗ്ര മുന്നേറ്റത്തിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന റാംപ് (റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോമൻസ്) പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം

നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ

618 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) പുതിയ സംരംഭങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്സ് (പി.എം.എഫ്.എം.ഇ.) പദ്ധതിയുടെ കീഴിൽ സൂക്ഷ്മ സംരംഭക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) റെയ്സിംഗ് ആന്റ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ. പെർഫോമൻസ് (റാംപ്) പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം മേഖലയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കാമോ?

## പാലക്കാട് സ്മാർട്ട് സിറ്റി പദ്ധതി

619 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി–ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് സ്ഥാപിക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടത്തിവരുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പദ്ധതി നടപ്പാക്കുന്നതിനായി ആഗോള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

## വ്യവസായ പാർക്ക്

620 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വ്യവസായപാർക്ക് (മിനി വ്യവസായപാർക്ക്) പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ടോ; എങ്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ

നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നല്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമങ്ങളെ അവിടുത്തെ തനത് ഉല്പന്നങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യവസായ മാപ്പ് തയ്യാറാക്കി അവിടേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ചീമേനിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച വ്യവസായ പാർക്ക്**

621 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച വ്യവസായ പാർക്ക് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ രണ്ട് കോടി രൂപയും ഈ സർക്കാർ പത്ത് കോടി രൂപയും ഇതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടും ഈ പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

**സ്വകാര്യ വ്യവസായ പാർക്കുകൾ**

622 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പാർക്കുകളുടെ പേര്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും മറ്റുമായി സർക്കാർ ധനസഹായം നൽകാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അനുവദിക്കപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി മണ്ണ്, പാറ എന്നിവ നീക്കം ചെയ്യുന്നതിന് നിലവിലുള്ള ജിയോളജി വകുപ്പിലെ നിയമങ്ങൾ മൂലം കാലതാമസമെടുക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകളിലെ മണ്ണ് ഖനനവും അത് നീക്കം ചെയ്യുന്നതും പ്രത്യേകമായി പരിഗണിച്ച് നിയമങ്ങളിലും ചട്ടങ്ങളിലും ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കുറ്റ്യാടിയിലെ മണിമല നാളികേര പാർക്കിന്റെ പൂർത്തീകരണം**

623 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിലെ മണിമല നാളികേര പാർക്ക് ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; മുമ്പ് നിശ്ചയിച്ച പ്രകാരം നാളികേര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിക്കുമോ; സാധിക്കുമെങ്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടിക്രമവും സമയക്രമവും വിശദമാക്കാമോ;

(ബി) ചുറ്റുമതിൽ, വാച്ച്മാൻ ക്യാബിൻ, ഗേറ്റ് എന്നീ നിർമ്മാണ പ്രവർത്തികൾ എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

624 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**പാലക്കാട് ജില്ലയിലെ റൈസ് പാർക്ക്**

625 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തുടങ്ങുന്ന റൈസ് പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നടപടി**

626 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രസ്തുത വ്യവസായ പാർക്കുകളിൽ പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

**തിരുവമ്പാടി മണ്ഡലത്തിലെ സ്വകാര്യ വ്യവസായപാർക്ക്**

627 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതി നൽകിയ തിരുവമ്പാടി മണ്ഡലത്തിലെ സ്വകാര്യ വ്യവസായ പാർക്കിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ നിലവിലെ അവസ്ഥയും അവ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ചവറ നാച്വറൽ ഫൈബർ പാർക്ക്**

628 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം, ചവറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാച്വറൽ ഫൈബർ പാർക്ക് എന്ന സ്ഥാപനത്തിൽ നടത്തിയ

വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ എത്ര തൊഴിലാളികളാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്ന തരത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വ്യവസായ സൗഹൃദ പദവി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

629 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിന് ആധാരമാക്കിയിരിക്കുന്നത് അശാസ്ത്രീയമായ മാനദണ്ഡങ്ങളെയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിന് അർഹമായ സ്ഥാനം ലഭിക്കാതെ പോയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വ്യവസായ സൗഹൃദ പദവി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പുതുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ബിസിനസ് അഡ്മിനിസ്ട്രേഷൻ കോൺക്ലേവ്

630 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ് അഡ്മിനിസ്ട്രേഷൻ വിദ്യാർത്ഥികളുടെ ഒരു ദ്വിദിന കോൺക്ലേവ് സംഘടിപ്പിച്ച് നാളത്തെ വ്യവസായ കേരളത്തെ സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കാമോ;

(ബി) വ്യവസായം തുടങ്ങി പരാജയപ്പെടുന്നവരെ സഹായിക്കാനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും പ്രമുഖ വ്യവസായികളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വ്യവസായ സൗഹൃദ സംസ്ഥാനം

631 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് സൗഹാർദ്ദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭ്യമായത് ഏതൊക്കെ മാനദണ്ഡങ്ങൾ കണക്കിലെടുത്താണെന്ന് വിശദമാക്കാമോ?

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിങ്ങ്

632 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (ഇ.ഓ.ഡി.ബി) റാങ്കിംഗിൽ എത്ര ഘടകങ്ങൾ പരിശോധിച്ചപ്പോഴാണ് കേരളം പട്ടികയിലെ ഒന്നാം സ്ഥാനത്ത് എത്തിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റാങ്കിംഗിന്റെ മറ്റ് മാനകങ്ങളിൽ എന്തെല്ലാം നിയമപരമായ നടപടികളാണ് ഇനിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

## വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

633 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## കെ-സ്വിഫ്റ്റ് പദ്ധതിയിലെ കോട്ടയം ജില്ലയിൽ നിന്നുള്ള അപേക്ഷകൾ

634 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ കോട്ടയം ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഭക്ഷ്യ സംസ്കരണ വ്യവസായ സാധ്യതകൾ

635 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എച്ച്. സലാം**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥ സംസ്ഥാനത്തുണ്ടെന്ന് ഏതെങ്കിലും ഏജൻസികൾ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആഭ്യന്തരവും ആഗോളവുമായ വ്യവസായ പങ്കാളിത്തം ശക്തിപ്പെടുത്തി ഈ മേഖലയിലെ നിക്ഷേപസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ വികസന ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ?

## ഒരു കുടുംബം ഒരു സംരംഭം പദ്ധതി

636 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക ഇതിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

**ഇൻഡസ്ട്രി ഇന്റേൺമാരുടെ നിയമനം**

637 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് ഇൻഡസ്ട്രി ഇന്റേൺമാരെ നിയമിക്കാൻ തുടങ്ങിയത് എന്ന് മുതലാണ്; ഇവരെ നിയമിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവരുടെ പ്രതിമാസ വേതനം എത്ര രൂപയാണ്; എത്ര പേരെയാണ് ആകെ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര വ്യവസായ ഇന്റേൺമാരെയാണ് നിയമിച്ചിട്ടുള്ളത്; ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) ഇവരുടെ പ്രവർത്തനം മൂലം ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായ മുന്നേറ്റം വിശദമാക്കാമോ; ആലപ്പുഴ ജില്ലയിൽ ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവർ നടപ്പിലാക്കിയത് വിശദമാക്കാമോ?

**വിദ്യാലയങ്ങളിൽ എൻറർപ്രണർഷിപ്പ് ക്ലബ്ബ് നടത്തിപ്പ്**

638 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും എൻറർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ് നടത്തുന്നതിനെക്കുറിച്ച് പദ്ധതി നിലവിലുണ്ടോ;

(ബി) ഏതെല്ലാം വിദ്യാലയങ്ങളിലാണ് എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ നിലവിലുള്ളത്; ഇത്തരം ക്ലബ്ബുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്;

(സി) ഇത്തരം ക്ലബ്ബുകളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിദ്യാർഥികൾക്ക് നടപ്പിലാക്കാൻ സാധിക്കുന്നത്?

**ഐ.ടി. പാർക്കുകളിലെ ജീവനക്കാരുടെ ജോലി ഭാരം.**

639 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുരാഷ്ട്ര കൺസൾട്ടിങ് സ്ഥാപനമായ പൂനയിലെ ഏൺസ്റ്റ് ആന്റ് യങ്ങിൽ (ഇ.വൈ) ചാർട്ടേഡ് അക്കൗണ്ടന്റ് ജോലിയിൽ പ്രവേശിച്ച കൊച്ചി സ്വദേശിനി അന്ന സെബാസ്റ്റ്യൻ മരണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുരാഷ്ട്ര ഐ .ടി. കമ്പനികളുടെ തൊഴിലിടങ്ങളിലെ ജോലിഭാരവും മാനസിക സംഘർഷവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന നിരവധി പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്നോപാർക്കിലും മറ്റും പ്രവർത്തിക്കുന്ന ഇത്തരം ബഹുരാഷ്ട്ര ഐ .ടി, കൺസൾട്ടിങ് സ്ഥാപനങ്ങളുടെ തൊഴിലിടങ്ങളിലെ അമിത ജോലിഭാരവും,

തൊഴിലാളികളുടെ മാനസിക സംഘർഷങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

## കൺസ്യൂമർ പെട്രോൾ പമ്പുകൾക്കുള്ള അപേക്ഷകൾ

640 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൺസ്യൂമർ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർ പെട്രോൾ പമ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) പുതുതായി ഒരു കൺസ്യൂമർ പമ്പിന് അപേക്ഷിച്ചാൽ അതുമായി ബന്ധപ്പെട്ട നടപടിക്രമം എന്തൊക്കെയാണെന്നും ഏതെല്ലാം ഉദ്യോഗസ്ഥർ കണ്ടതിനുശേഷമാണ് പ്രസ്തുത ഫയലുകളിൽ തീരുമാനമാകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കൺസ്യൂമർ പമ്പിന് അപേക്ഷിച്ചാൽ നിയമപരമായ എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ എത്ര ദിവസത്തിനകം അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ;

(ഇ) കൺസ്യൂമർ പമ്പിന് പുതുതായി അപേക്ഷിച്ച എത്ര ഫയലുകൾ തീർപ്പാകാതെ ഉണ്ടെന്നും ഇവയിൽ തീരുമാനമാകാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്ക് വെഹിക്കിൾ നിർമ്മാണ യൂണിറ്റ്

641 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്ക് വെഹിക്കിൾ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് തീരുമാനം ഉണ്ടായിരുന്നോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി മുന്നോട്ടു കൊണ്ടുപോകാനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ?

## വ്യവസായ വാണിജ്യ വകുപ്പിലെ സംരംഭങ്ങൾ

642 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ എത്ര പുതിയ സംരംഭങ്ങളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പുതിയ സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികൾ

643 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി എത്ര ക്വാറികൾക്കാണ് അനുമതി നൽകിയത്; ഇതോടുകൂടി നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ ക്വാറികൾ എത്രയെണ്ണമാകും; ക്വാറികളുടെ ഇനവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016 -ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആകെ ക്വാറികളുടെ എണ്ണം എത്രയാണ്; ഇനവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ ക്വാറികളിൽ നിന്നെല്ലാം കൂടി സംസ്ഥാനത്ത് നിന്നും പ്രതിവർഷം ആകെ ഖനനം ചെയ്തെടുക്കുന്ന വസ്തുക്കളുടെ അളവ് ഇനവും ജില്ലയും തിരിച്ച് അറിയിക്കുമോ?

## ഹാൻടെക്സ്, ഹാൻവീവ് സ്ഥാപനങ്ങളിലെ വിപണന ശൃംഖല മെച്ചപ്പെടുത്താൻ നടപടി

644 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവ്, ഹാൻടെക്സ് സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

## വ്യവസായ വകുപ്പിന്റെ സംരംഭം ആരംഭിക്കാൻ നടപടി

645 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽപ്പെട്ട മലയാംകുളം ജംഗ്ഷനിൽ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൈത്തറി വ്യവസായ സഹകരണ സംഘത്തിന്റെ സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് പ്രദേശവാസികൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ വ്യവസായ വകുപ്പിന്റെ എന്തെങ്കിലും സംരംഭം ആരംഭിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഖാദിമേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ

646 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിമേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ബോർഡിൽ അംഗമായിട്ടുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവിടെ നിന്നും

ലഭിക്കുന്നതെന്നും വിശദമാക്കാമോ?

**ഖാദിമേഖലയിലെ തൊഴിലാളികളുടെ വേതനം**

647 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ സർക്കാർ വിഹിതമായി നിശ്ചയിച്ചിട്ടുള്ള തുകയെത്രയാണെന്നും അതിൽ എന്തു തുക നിലവിൽ കുടിശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഖാദി മേഖലയിൽ റിബേറ്റിനത്തിൽ എന്തു തുക നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകാൻ കുടിശികയായുണ്ടെന്നും കുടിശിക എപ്പോൾ വിതരണം ചെയ്യാനാകുമെന്നും അറിയിക്കുമോ;

(സി) സാമ്പത്തിക പ്രശ്നങ്ങൾ കാരണം പ്രസ്തുത മേഖലയിൽ തൊഴിലാളികൾ കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര തൊഴിലാളികളാണ് നിലവിൽ ഈ മേഖലയിൽ പണിയെടുക്കുന്നതെന്നും പത്തു വർഷങ്ങൾക്കുമുമ്പ് എത്ര തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നും അറിയിക്കുമോ;

(ഡി) ഖാദിമേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ മേഖലയിൽ തൊഴിൽ അവസരങ്ങൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

**കയർത്തൊഴിലാളികൾക്കുള്ള ആനുകൂല്യം വിതരണം**

648 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിരമിച്ച കയർത്തൊഴിലാളികൾക്കുള്ള പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടിയുടെ വിശദാംശം അറിയിക്കാമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ .**

649 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണെന്നും അവ ഏതെല്ലാമെന്നും, പ്രവർത്തനം പൂർണമായും നിലച്ച കയർ സംഘങ്ങൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിനുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ്; ചാത്തന്നൂർ മണ്ഡലത്തിലെ പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ പ്രസ്തുത നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനം നിലച്ച കയർ വ്യവസായ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളോ

മാർഗ്ഗനിർദ്ദേശങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

## കയർ വ്യവസായത്തിന്റെ ആധുനികീകരണം

650 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന കയർ വ്യവസായത്തിന്റെ ആധുനീകകരണത്തിന് എന്തെല്ലാം നടപടികളാണ് വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ;

(ബി) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച വിദഗ്ദസമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ

651 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കയർ സഹകരണ സംഘങ്ങളാണ് പ്രവൃത്തിച്ചുവരുന്നത്; ഓരോ സംഘത്തിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ജില്ലയിൽ ഏതെങ്കിലും കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കാതെ പൂട്ടിപോയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാരിൽ നിന്നും വിവിധ ധനസഹായങ്ങൾ ലഭിച്ച കയർ സംഘങ്ങൾ പ്രവർത്തിക്കാതെ അടച്ചു പൂട്ടിയാൽ അത്തരം സംഘങ്ങളുടെ യന്ത്രങ്ങൾ മറ്റ് പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൈമാറാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

## കയർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി

652 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

## കുണ്ടറയിലെ കശുവണ്ടി ഫാക്ടറികൾ

653 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി നിലവിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കശുവണ്ടി ഫാക്ടറികളിൽ 2021-22, 2022-23, 2023-24 എന്നീ കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ.?

**കശുവണ്ടി മേഖലയിലെ പ്രതിസന്ധി**

654 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കരിന്തളം-വയനാട് 400 കെ.വി. ലൈൻ**

655 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം-വയനാട് 400 കെ.വി. ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്കും കർഷകർക്കും നഷ്ടപരിഹാരം നല്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നല്കുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ**

656 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വൈദ്യുതി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**ഉദുമ മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

657 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഉദുമ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

**വൈദ്യുതി നിരക്ക്**

658 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിമാസം 250 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കും സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നവർക്കും നിരക്ക് വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതി

659 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കലിന് നൽകുന്ന നഷ്ടപരിഹാര പാക്കേജിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ പുതിയ വൈദ്യുതി പദ്ധതികൾ

660 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയാണെന്നും, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## ആണവ വൈദ്യുത നിലയം

661 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിന് ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആണവ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ആണവ നിലയങ്ങൾ സ്ഥാപിക്കുന്നത് സുരക്ഷിതമാണോ എന്നതു സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഫലപ്രദമായ ബദൽ മാർഗങ്ങൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

662 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വിലങ്ങാട് ഉരുൾ പൊട്ടിയ മേഖലയിലെ വൈദ്യുതി ചാർജ് ഒഴിവാക്കുന്നത്

663 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ സർക്കാർ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും വിലങ്ങാടും പരിഗണിക്കാൻ സർക്കാർ ഉത്തരവിട്ടെങ്കിലും വിലങ്ങാട് മേഖലയിൽ വൈദ്യുതി എനർജി ചാർജ് ഒഴിവാക്കുന്നതിന് നിർദേശം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നാദാപുരം നിയമസഭാംഗം നൽകിയ കത്തിന്മേൽ നാളിതു വരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

## വൈദ്യുതി വിതരണ മേഖലയുടെ നവീകരണം

664 **ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വൈദ്യുതി വിതരണ മേഖലയുടെ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സഞ്ചിത സാങ്കേതിക വാണിജ്യനഷ്ടം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ഡി) തടസ്സരഹിത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനായി പുതുതായി സ്കാഡ് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## നെല്ലിയാമ്പതി പഞ്ചായത്തിൽ ഉണ്ടാകുന്ന വൈദ്യുത തടസ്സം

665 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിൽ ഇടക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി തടസ്സപ്പെടുന്നതിനുള്ള കാരണം എന്താണെന്നും ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ കർഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ**

666 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷി ആവശ്യത്തിനായി എത്ര പേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

**മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി**

667 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൻഡർ ചെയ്തെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

**ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന നടപടി**

668 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം -ചെങ്കോട്ട അന്തർ സംസ്ഥാന പാതയിൽ, കുളത്തുപ്പുഴയിലെ അരിപ്പ മുതൽ തെന്മല വരെയുള്ള സംസ്ഥാന പാതയുടെ ഇരുവശങ്ങളിലും, പാതയോരത്തെ വൻമരങ്ങൾ തുടർച്ചയായി ഒടിഞ്ഞ് വൈദ്യുതി കമ്പികളുടെ മുകളിലേക്ക് വീഴുകയും, മേഖലയിൽ വൈദ്യുതി സ്ഥിരമായി തടസ്സപ്പെടുകയും ചെയ്യുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് ഒന്നിലേറെ ഫീഡറുകൾ ഇല്ലാത്തതു കാരണം വൈദ്യുതി ലൈനുകൾ മാറ്റി വൈദ്യുതി വിതരണം പുന:സ്ഥാപിക്കാൻ കഴിയാത്തതിനാൽ, മണിക്കൂറുകളോളം ഇവിടെ തുടർച്ചയായി വൈദ്യുതി തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരം കാണാൻ ആകും; വിശദമാക്കാമോ;

(സി) പൂർണമായും തോട്ടം, വനം മേഖലയിലൂടെ കടന്നുപോകുന്ന ഈ പാതയിൽ ഭൂമിക്കടിയിലൂടെയുള്ള കേബിളുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ; തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**വൈദ്യുതി മേഖലയിലെ നവീന പദ്ധതികൾ**

669 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതി സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(ബി) വൈദ്യുതി സംബന്ധമായ സേവനങ്ങളെല്ലാം വീട്ടുപടിക്കൽ എത്തിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ</u>

670 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോയെന്നും ഇതിന് എം എൻ ആർ ഇ സബ്സിഡി നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബോർഡ് അംഗീകൃത ഡ്രോയിങ് /സ്കെച്ച് നിലവിലുണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സോളാർ ഹൈബ്രിഡ് പ്ലാന്റുകളിലെ സോളാർ ജനറേഷൻ മീറ്ററിൽ കൃത്യമായി ജനറേഷൻ രേഖപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) കെഎസ്ഇബി സൗര സബ്സിഡി പദ്ധതിയിലൂടെ സ്ഥാപിച്ച പ്ലാന്റുകൾ ഉപഭോക്താവിന് അനിവാര്യമായ കാരണത്താൽ വേണ്ടെന്ന് വെക്കാൻ ( Dismantle ) നിയമാനുസൃതമായ തടസ്സം ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഇ) ത്രീ ഫേസ് സർവീസ് കണക്ഷൻ ഉള്ള ഉപഭോക്താവിന് സിംഗിൾ ഫേസ് സോളാർ ഇൻവർട്ടർ ഉപയോഗിച്ച് ഓരോ ഫെയ്സിലും 5 കിലോ വാട്ട് വരെ സ്ഥാപിക്കാമോ;

(എഫ്) നിലവിൽ സോളാർ സ്ഥാപിച്ച ഉപഭോക്താക്കൾക്ക് ഗ്രിഡ് ഓവർ വോൾട്ടേജ് കാരണം സോളാർ ഇൻവർട്ടർ ഓഫായി വൈദ്യുതോൽപാദനം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ</u>

671 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഈയിടെ നടത്തിയ പബ്ലിക് ഹിയറിംഗിൽ എത്ര പേർ പങ്കെടുത്തുവെന്ന് വിശദമാക്കാമോ;

(ബി) പബ്ലിക് ഹിയറിംഗിലെ പൊതുജന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിൽ ജനസൗഹൃദമായ എന്തെല്ലാം നടപടികൾ

ആവിഷ്കരിക്കുമെന്ന് വിശദമാക്കാമോ?

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി**

672 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മാർമല ജലവൈദ്യുത പദ്ധതി**

673 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയ ഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനായി 7 കോടി 34 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (ലാൻറ് ആക്വസിഷൻ - ജനറൽ , പാല) 16.11.2023 തീയതി പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

674 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കീരിയങ്ങാടി, ഉപ്പിലാറമല, കുറുന്തോടി, പൂളക്കൂൽ, മൊകേരി, കുറ്റ്യാടി ടൗൺ എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനം**

675 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 വർഷത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനം എത്ര യൂണിറ്റാണ് ; വിശദാംശം ലഭിക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനം വാങ്ങിയത് ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

**കേരള ഹൈഡൽ ടൂറിസം**

676 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസവുമായി ബന്ധപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജത്തിൽ നിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ലഭിക്കുന്നത് ; പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കൂടുതലായി എത്ര മെഗാവാട്ട് വൈദ്യുതി വരും വർഷങ്ങളിൽ ഉല്പാദിപ്പിക്കാനാകും ; വ്യക്തമാക്കാമോ?

## <u>കായംകുളം വൈദ്യുത നിലയവുമായുള്ള എൻ.ടി.പി.സിയുടെ കരാർ</u>

677 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം വൈദ്യുത നിലയം കമ്മീഷൻ ചെയ്തപ്പോൾ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ സംസ്ഥാനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാർ ഒപ്പുവെച്ചതെന്നാണ് ; കരാർ കാലാവധി എത്ര വർഷമാണ് ; ദ്രവീകൃത പ്രകൃതിവാതകം ഉൾപ്പെടെയുള്ള ബദൽ ഇന്ധനങ്ങളിലേക്ക് മാറണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കരാർ വ്യവസ്ഥ പ്രകാരം നാളിതുവരെ എത്ര രൂപയാണ് ഫിക്സഡ് ചാർജിനത്തിൽ നാഷണൽ തെർമൽ പവർ കോർപ്പറേഷന് അടച്ചിട്ടുള്ളതെന്നും, കരാറിൽ ഇപ്രകാരം ഫിക്സഡ് ചാർജ് വ്യവസ്ഥ ചെയ്യാനിടയായ സാഹചര്യം എന്താണെന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാനം നാളിതുവരെ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയിട്ടുള്ളത് എന്ന് വർഷവും ,വൈദ്യുതി നിരക്കും തിരിച്ച് വിശദമാക്കുമോ;

(ഇ) എൻ.ടി.പി.സി യുമായി നിലവിലുള്ള കരാർ അവസാനിക്കുന്നത് എന്നാണ് ; പ്രസ്തുത കരാർ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഫിക്സഡ് ചാർജിനത്തിലോ മറ്റേതെങ്കിലും ചാർജുകൾ ആയോ സംസ്ഥാനം എത്ര തുകയാണ് കൊടുക്കേണ്ടി വരുന്നത് ; വ്യക്തമാക്കാമോ;

(എഫ്) കരാർ പുതുക്കാതിരിക്കുന്നത് മൂലം സംസ്ഥാനത്തിന് ഉണ്ടായേക്കാവുന്ന നേട്ടങ്ങളോ കോട്ടങ്ങളോ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>വൈദ്യുതി ചാർജ് വർദ്ധന</u>

678 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധനവിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് കാലയളവിലേക്ക് ഏതൊക്കെ നിരക്കിലുള്ള വൈദ്യുതി ചാർജ് വർദ്ധനവിനാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(സി) വേനൽക്കാലത്തെ ഉപഭോഗത്തിന് സമ്മർ താരിഫ് എന്ന ഇനത്തിൽ യൂണിറ്റിന് 10 പൈസ അധികം ഈടാക്കുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഉയർന്ന വില കൊടുത്ത് വൈദ്യുതി വാങ്ങുന്നതിന്റെ ഭാരം ബില്ലിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തെളിവെടുപ്പുകളിൽ ജനരോഷം ഉയർന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സമ്മർ താരിഫ് ഉൾപ്പെടെ വൈദ്യുതി നിരക്ക് വർദ്ധനവിനുള്ള നടപടികൾ ഉപേക്ഷിക്കാൻ തയ്യാറാകുമോ വിശദാംശം വ്യക്തമാക്കുമോ?

## ചെറുകിട വ്യവസായങ്ങൾക്ക് കെ.എസ്.ഇ.ബി.യുടെ ആനുകൂല്യം

679 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്ക് കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) പണം അടച്ചിട്ടും ചെറുകിട വ്യവസായ മേഖലയിലേക്ക് ട്രാൻസ്ഫോമർ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) വൈദ്യുതി ബോർഡിന് ട്രാൻസ്ഫോമർ നൽകുന്നത് ഏത് കമ്പനിയാണ്; പ്രസ്തുത കമ്പനി കൃത്യമായി ബോർഡിന് ട്രാൻസ്ഫോമർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതു നിരത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ തെളിയിക്കുന്നതിന് ആവശ്യമായ ട്യൂബ് ലൈറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്തിച്ചിട്ടുണ്ടോ; അവ കൃത്യമായി സ്ഥാപിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; സ്ട്രീറ്റ് ലൈറ്റുകൾ തെളിയിക്കുന്നതുമായി ബന്ധപെട്ട് ഇപ്പോൾ കെ.എസ്.ഇ.ബി.യുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്ന മാറ്റം എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് പൊതുജനങ്ങൾ ആർക്കാണ് പരാതി നൽകേണ്ടത്; വിശദമാക്കാമോ?

## വൈദ്യുതി സൗജന്യം ഒഴിവാക്കിയതിനെ തുടർന്ന് ഉണ്ടായ കുടിശിക

680 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികഭൂമിയുടെ അളവ് 30 സെന്റിൽ താഴെയായതിനാൽ കൃഷി ആവശ്യത്തിനായുള്ള വൈദ്യുതി സൗജന്യം നിർത്തലാക്കിയ സാഹചര്യത്തിൽ

കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് കൊടുക്കേണ്ടതായ കുടിശിക തുകയുടെ കൂട്ടുപലിശയും ഉൾപ്പെടുത്തി ബില്ല് നൽകിയിട്ടുള്ളത് ഒഴിവാക്കുന്നതിനായി ചേർപ്പ് സെക്ഷൻ (5637), കൺസ്യൂമർ നമ്പർ: 1156397013722 വൈദ്യുതി കണക്ഷന്റെ ഗുണഭോക്താവായ ശ്രീ. വി.എം. വിജയൻ, വായ്ക്കപ്പറമ്പ് മഠത്തിൽ വീട്, വല്ലച്ചിറ പിടിക്കപ്പറമ്പ് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് അർഹമായ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുത ലഭ്യതയിലെ കുറവ് പരിഹരിക്കാൻ നടപടി

681 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യം നിറവേറ്റുന്നതിനുള്ള കെഎസ്ഇബിയുടെ ദീർഘകാല കരാറുകൾ റദ്ദായതിനു പകരം പുതിയ ഹ്രസ്വകാല കരാറിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ഉപയോഗത്തിന്റെ പീക്ക് സമയങ്ങളിൽ വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് എപ്രകാരം പരിഹരിക്കാമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

## ഇ.വി. ചാർജ്ജിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

682 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.വി. ചാർജ്ജിംഗിനായി ഒരുക്കിയിട്ടുള്ള നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പ്രതിമാസ ബില്ലിംഗ്

683 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രതിമാസം ബില്ല് നല്കുന്നതിനുള്ള പരിഷ്കാര നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ബില്ലിംഗിനായി ക്യൂ.ആർ.കോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) വൈദ്യുതി ഉല്പാദനത്തിന്റെ കുറവ് മൂലം കഴിഞ്ഞ മൂന്നു വർഷക്കാലം എത്ര മെഗാ വാട്ട് വൈദ്യുതി പുറത്തു നിന്നും സംസ്ഥാനം വാങ്ങിയിട്ടുണ്ടെന്നും, ഇതിനായി ഓരോ

വർഷവും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

**കോൾ ലിങ്കേജ് അനുവദിക്കാൻ നടപടി**

684 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ അധിക ആവശ്യകത നിറവേറ്റുന്നതിനായി ദീർഘകാല കോൾ ലിങ്കേജ് അനുവദിക്കണമെന്ന ആവശ്യം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോൾ ലിങ്കേജ് സംവിധാനം നേടിയെടുക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധിച്ച കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കെ.എസ്.ഇ.ബി പെൻഷൻ ഫണ്ട്**

685 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി പെൻഷൻ ഫണ്ടായ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള പണത്തിനായി സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന തീരുവ കെ.എസ്.ഇ.ബിക്ക് നല്കില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുവ ഈടാക്കുന്നത് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പെൻഷൻ ബാധ്യതയിലേക്ക് പണം കണ്ടെത്തുന്നതിന് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിനുള്ള നിർദേശം കെ.എസ്.ഇ.ബി. വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുന്നിൽ വെച്ചിട്ടുണ്ടോ?

**സംസ്ഥാനത്തിന്റെ വൈദ്യുതി സ്വയം പര്യാപ്തത**

686 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എന്തു തുക ആവശ്യമായി വരുമെന്നാണ് കെ.എസ്.ഇ.ബി. കണക്കാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഫണ്ട് ഏത് രീതിയിൽ കണ്ടെത്തുവാനാണ് ആലോചിച്ചിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനു പകരം പുറത്തുനിന്നും പരമാവധി വൈദ്യുതി വാങ്ങിയും ബാറ്ററി സ്റ്റോറേജ് രീതിയിലൂടെയും പ്രതിസന്ധി പരിഹരിക്കാമെന്ന സമീപനം കെഎസ്ഇബി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.യുടെ മലപ്പുറം പാക്കേജ്

687 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയ്ക്കു വേണ്ടി മലപ്പുറം പാക്കേജ് എന്ന പേരിൽ കെ.എസ്.ഇ.ബി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസരണ-വിതരണ രംഗത്ത് എത്ര രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചതെന്നും അതിൽ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) മലപ്പുറം പാക്കേജിലെ പദ്ധതികൾക്കായി ഇതിനകം അനുവദിച്ച തുക ; പദ്ധതികളുടെ പേര്, പദ്ധതികൾ സമർപ്പിച്ച വർഷം, പദ്ധതികൾക്കായി അംഗീകരിച്ച തുക എന്നിവ ജില്ലയിലെ അസംബ്ലി മണ്ഡലം തിരിച്ച് വിശദമാക്കുമോ?

## വൈദ്യുതി ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നടപടി

688 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യകതയ്ക്ക് ആനുപാതികമായി ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ കഴിഞ്ഞ എട്ട് വർഷക്കാലയളവിനുള്ളിൽ വൈദ്യുതി വാങ്ങാൻ ചെലവിടുന്ന തുകയിൽ 5500 കോടിയിലധികം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ടി വരുന്നതിനാൽ ഈ കാലയളവിൽ നിരവധി തവണ വൈദ്യുതി ചാർജ് വർധിപ്പിക്കേണ്ടി വന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ ; എങ്കിൽ ഉപഭോക്താവിന്റെ അധിക ബാധ്യത ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ഉല്പാദനം വർധിപ്പിച്ചും ഫലപ്രദമായ ബദൽ മാർഗം ആവിഷ്കരിച്ചും വൈദ്യുതി ചാർജ് വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

## കെ.എസ്.ഇ.ബി. സേവനങ്ങൾക്കുള്ള നഷ്ടപരിഹാര വ്യവസ്ഥ

689 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നൽകുന്ന സേവനങ്ങളിൽ വീഴ്ചയുണ്ടാകുന്ന പക്ഷം പൊതുജനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഉപഭോക്താവ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും എത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കുമെന്നുമുള്ള വിവരങ്ങൾ അറിയിക്കുമോ;

(സി) ഇക്കാര്യങ്ങളിൽ ഉപഭോക്താക്കൾക്ക് അവബോധമുണ്ടാക്കുന്നതിനായി വിവരങ്ങൾ കെ.എസ്.ഇ.ബി. ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നുണ്ടോ; കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി കെ.എസ്.ഇ.ബി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>കെ.എസ്.ഇ.ബി. കുന്ദമംഗലം, കെട്ടാങ്ങൽ സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായ കെട്ടിടം</u>**

690 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കുന്ദമംഗലം, കെട്ടാങ്ങൽ സെക്ഷൻ ഓഫീസുകൾ സ്വന്തമായ കെട്ടിടങ്ങളിലേക്ക് മാറ്റാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇവയോരോന്നും എവിടെയെല്ലാമാണ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**<u>കെ.എസ്.ഇ.ബി. പെൻഷൻ</u>**

691 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെൻഷൻ ബാധ്യത സർക്കാരിന് ഏറ്റെടുക്കാനാവില്ലെന്നും പെൻഷൻ മാസ്റ്റർ ട്രസ്റ്റ് വിപുലീകരിച്ച് സജീവമാക്കണമെന്നും വ്യക്തമാക്കി ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് 2014-ൽ സർക്കാരും കെ.എസ്.ഇ.ബി.യും സംഘടനകളും ചേർന്നുണ്ടാക്കിയ ത്രികക്ഷി കരാറിന് എതിരാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പെൻഷൻ ബാധ്യതയിൽ നിന്നും സർക്കാർ പിന്മാറുമ്പോൾ മാസ്റ്റർ ട്രസ്റ്റിന് പണം കണ്ടെത്താൻ കെ.എസ്.ഇ.ബി. യ്ക്ക് താരിഫ് വർദ്ധനവിനു വേണ്ടി വരുന്നത് ഉപഭോക്താക്കൾക്ക് അധിക ബാധ്യതയാകും എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇപ്രകാരം വൈദ്യുതി നിരക്ക് വർദ്ധനവ് ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ട കമ്പനികൾ</u>**

692 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനികളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെട്ടിരുന്ന ദീർഘകാല കരാറുകളിൽ അപ്പലേറ്റ് ട്രൈബ്യൂണൽ റദ്ദാക്കിയവ ഏതെല്ലാമാണ്;വ്യക്തമാക്കാമോ;

(ഡി) അപ്പലേറ്റ് ട്രൈബ്യൂണൽ പ്രസ്തുത കരാറുകൾ റദ്ദാക്കുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

## വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ

693 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ വസ്തുക്കൾക്കും കെട്ടിടങ്ങൾക്കും അപകടമുണ്ടാക്കുന്ന നിലയിലുള്ള വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഇടപ്പള്ളി ഇന്ദിര ബൈ റോഡിൽ ഐആർഎ 18 എ- യിൽ ശ്രീ. മഹേഷിന്റെ വീടിന്റെ മതിലിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള ഇ/ ഡിസി/13/3/2 നമ്പർ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇടപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. സ്ഥാപിച്ചതും, നിലവിൽ അപകടാവസ്ഥയിലായതുമായ പോസ്റ്റ് സുരക്ഷിതമായി മാറ്റി പുനഃസ്ഥാപിക്കുന്നതിന് വസ്തു ഉടമ തുക അടയ്ക്കണമെന്ന കെ.എസ്.ഇ.ബി. അസിസ്റ്റൻറ് എൻജിനീയറുടെ തീരുമാനം ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

## കെ.എസ്.ഇ.ബി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് നടപടി

694 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നീ പ്രദേശങ്ങളിൽ കെ.സ്. ഇ.ബി. അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കാൻ ബഡ്ജറ്റിൽ തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വൈദ്യുതി ബില്ലുകളിൽ കന്നഡ ഭാഷ ഉൾപ്പെടുത്തുന്നതിന് നടപടി

695 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബില്ലുകൾ ഇപ്പോൾ ഏത് ഭാഷയിലാണ് ഉപഭോക്താക്കൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബില്ലുകൾ മലയാളത്തിൽ ആണെങ്കിൽ ഭാഷാ ന്യൂനപക്ഷം അധിവസിക്കുന്ന ജില്ലകളിൽ അവരുടെ മാതൃഭാഷയിൽ വൈദ്യുതി ബില്ലുകൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ ഗണനീയമായ വിഭാഗം കന്നട ഭാഷ മാത്രം അറിയാവുന്നവരായതിനാൽ മലയാളത്തിൽ ബില്ലുകൾ നൽകിയാൽ ഇവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ബില്ലുകളിൽ കന്നട ഭാഷ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## വൈദ്യുതി ബിൽ പ്രതിമാസം ആക്കുന്നതിനുള്ള നടപടി

696 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം മൂലം സാധാരണക്കാരായ ജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം മൂലം ഉപഭോക്താവ് കൂടുതൽ തുക അടയ്ക്കേണ്ടതായി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കി വരുന്ന ബില്ലിംഗ് സമ്പ്രദായം ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമാകുന്നതിനായി പ്രതിമാസ രീതിയിൽ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) നിലവിൽ തുടർന്നുവരുന്ന ബില്ലിംഗ് സമ്പ്രദായം കൊണ്ട് ബോർഡിന് എന്തെല്ലാം നേട്ടങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(ഇ) നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം പ്രതിമാസ രീതിയിലേക്ക് മാറ്റുമ്പോൾ എന്തെല്ലാം നഷ്ടങ്ങളാണ് ബോർഡിന് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ?

## പെൻഷൻ ബാധ്യത മൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന ബാധ്യത കണക്കാക്കാൻ നടപടി

697 **ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ടായ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള പണത്തിനായി സർക്കാർ ചുമത്തി വന്നിരുന്ന തീരുവ കെ.എസ്.ഇ.ബി.യ്ക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ ബാധ്യത പൂർണ്ണമായും ഏറ്റെടുത്തതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന പ്രതിവർഷ ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പെൻഷൻ ബാധ്യതയുടെ ഒരു നിശ്ചിത ശതമാനം സർക്കാർ വഹിക്കണമെന്ന് കരാർ ഉണ്ടായിരുന്നോ; കരാർ വ്യവസ്ഥ പാലിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പെൻഷൻ ബാധ്യത മൂലം താരിഫ് വർദ്ധനവ് നടത്തേണ്ടി വരുമോ; താരിഫ് വർദ്ധനവ് ഇല്ലാതെ ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ?

**കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി**

698 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പുന:സംഘടനയുടെ പേരിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളുമായി ബന്ധപ്പെടുന്ന സെക്ഷൻ ഓഫീസുകളിൽ ലൈൻമാൻ ഉൾപ്പെടെയുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ വിരമിച്ച ജീവനക്കാരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഓരോ സെക്ഷനിലും കുറവുള്ള ജീവനക്കാരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്**

699 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ പെൻഷൻ ഫണ്ടായ മാസ്റ്റർ ട്രസ്റ്റിലേക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ വിഹിതം എത്രയാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ കെ.എസ്.ഇ.ബിയുടെ പ്രതിമാസ പെൻഷൻ ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബിയുടെ പെൻഷൻ ഫണ്ടിലേക്ക് സർക്കാർ നൽകുന്ന വിഹിതം നിർത്തലാക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന ബാധ്യത ഒഴിവാക്കുന്നതിന് വൈദ്യുതിനിരക്ക് വർധിപ്പിക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കാമോ; ഈ ബാധ്യത ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) കെ.എസ്.ഇ.ബിയിൽ പെൻഷൻ നൽകുന്നതിന് 2014 ൽ സർക്കാരും കെ.എസ്.ഇ.ബിയും ജീവനക്കാരുടെ സംഘടനകളും ചേർന്ന് ഉണ്ടാക്കിയിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബിയുടെ പെൻഷൻ ബാധ്യതയിൽ നിന്ന് സർക്കാരിന് ഒഴിവാകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

## മലപ്പുറം, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ദ്യുതി പദ്ധതി

700 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, ഇടുക്കി, കാസർഗോഡ് ജില്ലകൾക്കുള്ള പ്രത്യേക പാക്കേജിനും വൈദ്യുതി മേഖലയുടെ നവീകരണത്തിനുമായി ദ്യുതി 2.0 പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഓരോ ജില്ലകൾക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സെക്ഷൻ വിഭജനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിഭജിക്കാൻ ഉദ്ദേശിക്കുന്ന സെക്ഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

## മലപ്പുറം പാക്കേജ് പുരോഗതികൾ

701 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വ -ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) ജില്ലയിൽ നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുത തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ പാക്കേജിലൂടെ സാധിക്കുമോ;വിശദമാക്കാമോ;

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പാക്കേജ് പരിപൂർണ്ണമായും യാഥാർത്ഥ്യമാകുന്നത് എന്നാണെന്ന് വെളിപ്പെടുത്താമോ?

## സ്മാർട്ട് മീറ്റർ പദ്ധതി

702 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ആധുനികവൽക്കരണത്തിന് ആവശ്യമായ സ്മാർട്ട് മീറ്റർ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ദ്യുതി പദ്ധതി

703 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്ത്നാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത് ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുകയും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാം പൂർത്തിയായയെന്നും, പൂർത്തിയാകാത്തവ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഡി) പൂർത്തിയാക്കാത്ത മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ വിശദമാക്കാമോ?

## <u>അങ്കൺജ്യോതി പദ്ധതി</u>

704 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ അങ്കൻവാടികളിൽ അങ്കൺജ്യോതി പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>ആണവനിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ</u>

705 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആണവനിലയം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിനായി കെ.എസ്.ഇ.ബി. നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആണവനിലയം സ്ഥാപിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) എങ്കിൽ നയപരമായ തീരുമാനം എടുക്കുന്നതിനു മുൻപായി പ്രാഥമിക നടപടികൾ പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി.ക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മരവട്ടം- കാടാമ്പുഴ സബ് സ്റ്റേഷൻ നിർമ്മാണം</u>

706 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം- കാടാമ്പുഴ 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) സബ് സ്റ്റേഷനിലേക്കുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തി എന്നത്തേക്ക്

യാഥാർഥ്യമാക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

**ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി**

707 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ;

(ബി) ട്രാൻസ്ഫോർമർ ക്ഷാമം മൂലം പണമടച്ച സംരംഭകർക്ക് ട്രാൻസ്ഫോർമർ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവ് മൂലം അതിന്റെ കപ്പാസിറ്റിയിൽ അധികം ലോഡ് ഉണ്ടാകുന്ന പ്രദേശങ്ങളിൽ പീക് അവറുകളിൽ വൈദ്യുതി വിതരണം തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മലപ്പുറം ജില്ലയുടെ വൈദ്യുതി പ്രതിസന്ധി**

708 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ മലപ്പുറം ജില്ലയിലുണ്ടായ പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയുടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രാൻസ്മിഷൻ വിഭാഗം തയ്യാറാക്കിയ 521 കോടി രൂപയുടെ പദ്ധതി രൂപരേഖക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**വൈദ്യുതി ചാർജ് വർധനവ്**

709 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ് വർധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതം വർധിപ്പിച്ചു; ഈ ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചു; വിശദാംശം വ്യക്തമാക്കുമോ?

**പാടശേഖരത്തിന് ട്രാൻസ്ഫോർമർ സ്ഥാപിച്ച് പമ്പിങ്ങ് സുഗമമാക്കൽ**

710 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കാവാലം വില്ലേജിൽ നീലംപേരൂർ കൃഷിഭവൻ പരിധിയിൽ വരുന്ന ഐ-ബ്ലോക്ക് 3500 കായലിൽ പമ്പിങ്ങ് സുഗമമാക്കുന്നതിന് 100 കെ.വി.ആർ.സി.ഇ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 5/08/2024 ൽ ബഹു.മന്ത്രിക്ക് നൽകിയ നിവേദനം

നമ്പർ.564/2024 പ്രകാരം ആലപ്പുഴ ഇലക്ട്രിക്കൽ ഡെപ്യൂട്ടി സി.ഇ ക്ക് നൽകിയതിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പുഞ്ചകൃഷിയുടെ പമ്പിങ് ജോലികൾ ആരംഭിച്ചിരിക്കുന്നതിനാൽ എത്രയും വേഗം ട്രാൻസ്ഫോർമർ സ്ഥാപിച്ച് നെൽകൃഷി മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കൃഷി ആവശ്യത്തിന് ട്രാൻസ്ഫോർമർ നൽകുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

## ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്ക വർദ്ധനവ്

711 **ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിമാസ വൈദ്യുതി ഉപഭോഗം 250 യൂണിറ്റിന് മുകളിൽ വരുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ടൈം ഓഫ് ഡേ അടിസ്ഥാനത്തിൽ നിരക്ക് വർദ്ധനവ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഡിജിറ്റൽ മീറ്ററിൽ സോഫ്റ്റ്‌വെയർ ഭേദഗതി വരുത്തി ടൈം ഓഫ് ഡേ ആക്കി മാറ്റാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ബാക്കിയുള്ള ഉപഭോക്താക്കൾക്ക് ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ടി.ഒ.ഡി. മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ താരിഫ് നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

## സൗരോർജ്ജ പദ്ധതികൾ

712 **ശ്രീ. എം. എം. മണി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സൗര പദ്ധതിയുടെ നിർവ്വഹണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 2016 മേയിൽ എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ;

(സി) റൂഫ് ടോപ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പാക്കിവരുന്ന സൂര്യഘർ പദ്ധതിയിൽ രാജ്യത്ത് മികച്ച സ്ഥാനം നേടുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ സോളാർ പാനൽ പദ്ധതി

713 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് ബഡ്ജറ്റ് അനുമതി ലഭ്യമായ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; തുടർ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലും ,വിവിധ സർക്കാർ സ്ഥാപനങ്ങളിലും, വീടുകളിലും സോളാർ പാനൽ സ്ഥാപിച്ചതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതി

714 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതിയിലെ പ്രൊസ്യൂമർമാർക്ക് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) നിലവിൽ പ്രൊസ്യൂമർമാർ അധികമായി ഉത്പാദിപ്പിച്ച് കെ.എസ് .ഇ.ബി. ക്ക് നൽകുന്ന വൈദ്യുതിയുടെ തുക കൈപ്പറ്റുവാൻ ഒരോ തവണയും ബാങ്ക് അക്കൗണ്ട് രേഖകകളുമായി സെക്ഷൻ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന രീതി മാറ്റി ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി പണം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) അല്ലാത്തപക്ഷം പ്രസ്തുത അധിക തുക പ്രതിമാസ മീറ്റർ വാടകയിൽ വകകൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ?

## സോളാർ വൈദ്യുത ഉൽപാദനത്തിനുള്ള ഡ്യൂട്ടി

715 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി ഉൽപാദനത്തിന് ഡ്യൂട്ടി ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അപ്രകാരമുള്ള ഡ്യൂട്ടി ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ ;

(സി) കെ.എസ്.ഇ.ബി. പുരപ്പുറ സൗരോർജ്ജകർക്ക് നൽകുന്ന ബിൽ തുക കുട്ടുന്നതിന്റെ കാരണം അപ്രകാരം ഏർപ്പെടുത്തിയ ഡ്യൂട്ടിയാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വൈദ്യുതി ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി. ക്കു നൽകുന്ന ഓൺഗ്രിഡ് ഉൽപാദക-ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഡ്യൂട്ടി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ നിലയങ്ങൾ

716 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുക വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിലെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അനുമതി ലഭിക്കാത്ത എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും സെക്ഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## സ്മാർട്ട് സിറ്റിയുടെ ഭാഗമായുള്ള സോളാർ പവർപ്ലാന്റിന്റെ സ്ഥാപനം

717 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ എത്ര മെഗാവാട്ട് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചുവെന്നും, ഏത് കമ്പനിയ്ക്കാണ് വർക്ക് ഓർഡർ നൽകിയതെന്നും അറിയിക്കുമോ; പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ടെൻഡർ ലഭിച്ച കമ്പനി അനെർട്ടിൽ ആദ്യം സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ബാങ്കിലേക്ക് അയച്ച കത്തുകളും ബാങ്കിന്റെ മറുപടി കത്തുകളും ലഭ്യമാക്കാമോ;

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര തുകയുടെ സോളാർ പദ്ധതി നടപ്പാക്കി കഴിഞ്ഞുവെന്നും ,ഇതിൽ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം എന്നിവ എത്രയെന്നും വിശദമാക്കുമോ?

## സോളാർ വൈദ്യുതോൽപ്പാദനം

718 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും സോളാർ വൈദ്യുതിക്ക് സർക്കാർ നൽകുന്ന നിരക്കെത്രയെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വിവിധ സോളാർ നിലയങ്ങളിൽ നിന്നായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന വിവരം അതാത് സോളാർ നിലയം തിരിച്ച് ലഭ്യമാക്കാമോ?

## ഗാർഹിക മേഖലയിൽ പുരപ്പുറ സോളാർ പ്ലാന്റുകൾക്കായുള്ള പദ്ധതികൾ

719 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ഗാർഹിക മേഖലയിൽ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ് നിലവിലുള്ള പദ്ധതികളെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര തുകയാണ് സബ്സിഡിയായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

## <u>വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

720 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കഴക്കൂട്ടം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഇരുപത്തിരണ്ട് നഗരസഭാ വാർഡുകളിൽ ഉണ്ടായിട്ടുള്ള തെരുവ് വിളക്കുകളുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തേവലക്കര സബ്സ്റ്റേഷൻ നിർമ്മാണം</u>

721 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ തേവലക്കര സബ്സ്റ്റേഷൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം</u>

722 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിൽ നിന്നും ലീസിൽ മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ലഭ്യമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വലിയ ഭാരമുള്ള വാഹനങ്ങൾക്ക് ഈ സ്ഥലത്തേക്ക് പ്രവേശിക്കാൻ ഉതകുന്ന രീതിയിൽ റോഡ് നിർമ്മിക്കാൻ സാധിക്കുമോ; ഈ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് റോഡ് നിർമ്മിക്കുന്നതിന് എത്ര തുക ആവശ്യമുണ്ടെന്ന് അറിയുമോ;

(ബി) ഇത്തരത്തിൽ ഒരു സ്ഥലം നിലനിൽക്കെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിലൂടെ വേറൊരു സ്ഥലം കണ്ടെത്തി സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വടകര മുനിസിപ്പാലിറ്റി അനുവദിച്ച സ്ഥല വിസ്തൃതിയും നിലവിൽ കണ്ടെത്തിയിട്ടുള്ള സ്ഥലവിസ്തൃതിയും എത്രയെന്ന് അറിയിക്കാമോ ; വടകര മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭിച്ച സ്ഥലത്ത് സബ്സ്റ്റേഷൻ

നിർമ്മിക്കുമ്പോൾ സമയലാഭം ഉണ്ടാകുമോ; കൂടാതെ ഇത്തരത്തിൽ പദ്ധതി ചെലവ് കുറയ്ക്കാൻ സാധിക്കുമോ ;വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി വരുന്ന തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് റോഡ് നിർമ്മിക്കാൻ സാധിക്കും എന്നിരിക്കെ വടകര മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭിച്ച സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മാണം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

723 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

724 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വിവിധ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതികളും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(ബി) പാണക്കാട് യു.പി. സ്കൂൾ പരിസരം, പൂൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൽ, ശാന്തിപടി, കാഞ്ഞീരം കോഡൂർ പഞ്ചായത്തിലെ നൂറാടി പമ്പ് ഹൗസ് ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; പുരോഗതികൾ വിശദീകരിക്കാമോ;

(സി) മലപ്പുറം നഗരസഭയിലെ പൈത്തിനിപറമ്പ് കുറേക്കുഴി, മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക്-വട്ടപ്പൊലി റോഡ്, കോഡൂർ പഞ്ചായത്തിലെ ചട്ടിപ്പറമ്പ്, നെല്ലോളിപറമ്പ്, ചാഞ്ഞാൽ ചെനക്കൽപറമ്പ് എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ, ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ചൂലൂശ്ശേരിയിലെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

725 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലൂശ്ശേരിയിലെ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ചൂലൂശ്ശേരിയിൽ നിർമ്മാണപ്രവർത്തനം പൂർത്തിയായ പോൾകാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോയെന്ന്

വ്യക്തമാക്കുമോ?

<u>**പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**</u>

726 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>**അതിരപ്പള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്**</u>

727 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; സ്ഥലം എറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ?

<u>**കെ.എസ്.ഇ.ബി.യുടെ പെൻഷൻ ബാധ്യത**</u>

728 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ പെൻഷൻ ബാധ്യത സർക്കാർ വഹിക്കുകയില്ലെന്നും ഇതിനുള്ള പണം കമ്പനി തന്നെ കണ്ടെത്തണമെന്നും സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പണം എങ്ങനെ, എവിടെ നിന്ന് കണ്ടെത്താമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയിൽ നിന്നും വിരമിച്ച എത്ര പേർക്ക് പെൻഷൻ, ഫാമിലി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്; ഇതിനായി മാസം എത്ര തുക ചെലവഴിക്കുന്നുണ്ട്; വിശദമാക്കാമോ?

<u>**കോന്നി മണ്ഡലത്തിലെ അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ**</u>

729 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള ആനത്തോട്, പമ്പ, മൂഴിയാർ, കക്കി അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

<u>**ഏറനാട് മണ്ഡലത്തിലെ വൈദ്യുതവാഹന ചാർജിംഗ് സ്റ്റേഷനുകൾ**</u>

730 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വേണ്ടി ഏറനാട് മണ്ഡലത്തിൽ എത്ര ചാർജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണ്; അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്നും സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അപേക്ഷ നൽകിയത്; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

731 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമാണെന്നും വിശദമാക്കാമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## അനെർട്ട് സ്പോൺസർഷിപ്പ്

732 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നും, രണ്ടും വാർഷികത്തോടനുബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച എക്സിബിഷനുകളിൽ അനെർട്ട് എത്ര രൂപ വീതമാണ് ചെലവഴിച്ചത് എന്ന കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) സ്റ്റാൾ തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിൽ ടെണ്ടർ ക്ഷണിച്ചിരുന്നോ;എങ്കിൽ എത്ര സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു;വ്യക്തമാക്കുമോ ; ടെണ്ടർ ലഭിച്ച സ്ഥാപനം , ടെൻഡർ തുക, സ്റ്റാൾ വിസ്തീർണ്ണം എന്നിവ വിശദമാക്കാമോ; ടെണ്ടർ നടപടിക്രമങ്ങളുടെയും തുക അനുവദിച്ചതിന്റെയും ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനെർട്ട് സ്പോൺസർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ; അനെർട്ട് തുക നൽകിയ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ പേരും വിലാസവും,പരിപാടിയുടെ പേരും, തീയതിയും സ്ഥലവും, പ്രസ്തുത സ്ഥാപനങ്ങളും സംഘടനകളും അനെർട്ടിന് ലഭ്യമാക്കിയ സേവനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനെർട്ടിന് സ്പോൺസർഷിപ്പ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ; ലഭിച്ച തുക, നൽകിയ സ്ഥാപനങ്ങൾ/ സംഘടനകൾ, പരിപാടിയുടെ പേര് , അനെർട്ട് ഈ തുക

ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതം ചെലവഴിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

## സൗരോർജ്ജ പ്ലാന്റുകളുടെ പരിശോധന

733 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്നതിന് പ്രത്യേക സോളാർ ഇൻസ്പെക്ടർ പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ പങ്കെടുക്കാനായി അപേക്ഷിക്കുന്നവരുടെ യോഗ്യത എന്താണ്; പരിശീലനം ലഭിച്ചവരുടെ ലിസ്റ്റ്, പരിശോധിക്കാവുന്ന പ്ലാന്റുകളുടെ ശേഷി, നൽകുന്ന പ്രതിഫലം എന്നിവയുടെ വിവരം ലഭ്യമാക്കുമോ;

(ബി) അനെർട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സോളാർ ഇൻസ്റ്റാളർ പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ പങ്കെടുക്കാനായി അപേക്ഷിക്കുന്നവരുടെ യോഗ്യത എന്താണ്; പരിശീലനം ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഒരേ ആളിന് ഇൻസ്റ്റാളർ സർട്ടിഫിക്കറ്റും, ഇൻസ്പെക്ടർ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇതിൽ അനെർട്ട് എംപാനൽ ചെയ്ത കമ്പനികളിൽ പ്രവർത്തിക്കുന്നവരുടെ വിവരം ലഭ്യമാണോ;

(സി) തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ ഭാഗമായി സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്നതിന് താത്കാലിക ജീവനക്കാർ, അനെർട്ട് പരിശീലനം നൽകിയ സോളാർ ഇൻസ്പെക്ടർ എന്നിവരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ പേരും, വിലാസവും, കൂടാതെ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനം, പരിശോധന നടത്തിയ തീയതി, പ്ലാന്റുകളുടെ ശേഷി, പ്ലാന്റുകളുടെ നിർമ്മാണ ചിലവ്, പരിശോധനയ്ക്ക് നൽകിയ പ്രതിഫലം, പ്ലാന്റുകൾ സ്ഥാപിച്ച കമ്പനി എന്നിവയുടെ പട്ടിക ലഭ്യമാക്കുമോ;

(ഡി) അനെർട്ട് കേന്ദ്രകാര്യാലയത്തിൽ നിലവിൽ എത്ര സ്ഥിരം എഞ്ചിനീയർമാരും, സയന്റിസ്റ്റുകളും ഉണ്ട്; അവരുടെ പേരും തസ്തികയും ലഭ്യമാക്കുമോ; സ്മാർട്ട് സിറ്റിയുടെ ഭാഗമായി സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്നതിന് ഇവരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ഉദ്യോഗസ്ഥരും പരിശോധന നടത്തിയ പ്ലാന്റുകളുടെ എണ്ണം , പ്രസ്തുത പ്ലാന്റുകളുടെ ശേഷി, പ്ലാന്റുകളുടെ നിർമ്മാണ ചെലവ്, പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനം എന്നിവയുടെ പട്ടിക ലഭ്യമാക്കുമോ?

## എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്ന നടപടി

734 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ ഹെഡ് ഓഫീസിൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് എത്ര പ്രാവശ്യം ഇ-ടെണ്ടർ ക്ഷണിച്ചുവെന്നും ടെൻഡറുകൾ ക്യാൻസൽ ചെയ്യാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

(ബി) ടെൻഡറിൽ പങ്കെടുത്ത കമ്പനികളുടെ പേരും, ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുകയും ലഭ്യമാക്കാമോ; ടെൻഡർ ലഭിച്ച കമ്പനിയ്ക്ക് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട ഇ–ടെൻഡർ നോട്ട് ഫയലിന്റെയും, കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഡി) പി. എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട് ഇ-ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ റൂഫ് ടോപ്പ് പവർ പ്ലാന്റിനും, ഗ്രൗണ്ട് മൗണ്ടഡ് പവർ പ്ലാന്റിനും വിവിധ കപ്പാസിറ്റിയിൽ വിവിധ കമ്പനികൾ ക്വാട്ട് ചെയ്ത തുകയുടെ ഇ–ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പുരപ്പുറ സോളാർ പ്ലാന്റുകൾ

735 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## റിസ്ക് ഫണ്ട് ആനുകൂല്യം

736 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബാങ്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് പ്രസ്തുത ആനൂകൂല്യം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കാർഷിക ഗ്രാമവികസന ബാങ്കുകളിൽ പൊതു സോഫ്റ്റ്‌വെയർ

737 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗ്രാമവികസന ബാങ്കുകളിൽ കേന്ദ്രത്തിന്റെ പൊതു സോഫ്റ്റ്‌വെയർ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ കേന്ദ്രസർക്കാർ ചെലവിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കുന്ന പദ്ധതിയെ സംസ്ഥാന സർക്കാർ

എതിർക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സഹകരണ ബാങ്കുകളിലെ ഡാറ്റ കേന്ദ്രം കയ്യടക്കുമെന്ന ആശങ്ക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്ന നടപടിയിൽ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സംസ്ഥാനത്ത് പ്രത്യേകം പൊതു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഏത് സ്വകാര്യ കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും വ്യക്തമാക്കുമോ ?

## സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം

738 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ സംഘങ്ങൾ പ്രതിമാസ ഉപയോഗ ഫീസായി തുക നൽകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## സഹകരണ നിയമ ഭേദഗതിക്കനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി

739 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമഭേദഗതിക്ക് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ ചട്ടങ്ങളുടെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ വിശദമാക്കാമോ?

## സഹകരണമേഖലയിലെ നിക്ഷേപം

740 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് എത്ര സംഘങ്ങൾക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്നത് ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടലുകൾ

741 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ്</u>

742 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ് മുഖാന്തിരം സംഘങ്ങൾ നിക്ഷേപകർക്ക് നൽകുന്ന പരിരക്ഷ ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സഹകരണ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>

743 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ആഡിറ്റ് ഫീസ് ഈടാക്കുന്ന ചട്ടങ്ങളെക്കുറിച്ച്</u>

744 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ടീം ആഡിറ്റ് നിലവിൽ വന്നിട്ടുണ്ടെങ്കിലും സ്റ്റാറ്റ്യൂട്ടറിയായി ആഡിറ്റ് ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ നിലവിൽ വരാത്തതിനാൽ ആഡിറ്റ് തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനായി സഹകരണ ഭേദഗതി നിയമപ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ നിലവിലുള്ള സംവിധാനം തുടരുന്നതിനുള്ള നിർദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>കൊടുങ്ങല്ലൂർ കോ-ഓപ്പറേറ്റീവ് കോളേജിൽ പുതിയ കോഴ്സുകൾ</u>

745 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കോ-ഓപ്പറേറ്റീവ് കോളേജ് ലിമിറ്റഡ്.726 -ൽ നിലവിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റി കോഴ്സ് സർട്ടിഫിക്കറ്റുകൾ വിദേശ രാജ്യങ്ങൾ അടക്കം പരിഗണിക്കാത്ത സാഹചര്യത്തിൽ പുതിയ അംഗീകാരമുള്ള കോഴ്സുകൾ

ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന അറിയിക്കാമോ?

## സഹകരണ സംരക്ഷണ നിധി പദ്ധതി

746 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമഭേദഗതിയിൽ ഉൾപ്പെടുത്തി പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാൻ നടപ്പിലാക്കുന്ന സഹകരണ സംരക്ഷണ നിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ സംഘങ്ങൾക്കാണ് സഹായം ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ?

## സഹകരണമേഖല ശക്തിപ്പെടുത്താൻ നടപടി

747 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല ശക്തിപ്പെടുത്താൻ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ മേഖല ഇപ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത സഹകരണ സൊസൈറ്റികളുടെയും അവയിൽ അംഗത്വം എടുത്ത മെമ്പർമാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷികവായ്പ സഹകരണ ബാങ്കുകൾ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന വിശദമാക്കാമോ ;

(ഇ) സഹകരണ സൊസൈറ്റികൾ കടക്കെണിയിൽ അകപ്പെടുന്നത് തടയാൻ സർക്കാർ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ലേബർ കോൺട്രാക്ട് സൊസൈറ്റികൾ

748 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ഏതൊക്കെയാണ്; അവയ്ക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സൊസൈറ്റികൾക്ക് സർക്കാർ ജോലികൾ, സപ്ലൈ ഓർഡറുകൾ എന്നിവ നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## റിസ്ക് ഫണ്ട്

749 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നായി റിസ്ക് ഫണ്ട് ആനുകൂല്യത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്നും ഇനിയും എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ടെന്നും ബാങ്കുകൾ തിരിച്ച് അറിയിക്കാമോ;

(സി) ആനുകൂല്യം ലഭ്യമാക്കാത്ത അപേക്ഷകളിൽ എന്തുകൊണ്ടാണ് തീരുമാനം വൈകുന്നതെന്ന് വിശദമാക്കാമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് അർഹരായ മുഴുവൻ അപേക്ഷകർക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റിസ്ക് ഫണ്ട്

750 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## റിസ്ക് ഫണ്ട്

751 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ പണം അനുവദിക്കുന്നതിനായി 2021 മുതൽ 2024 മാർച്ച് വരെ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പണം അനുവദിച്ച അപേക്ഷകളുടെ എണ്ണവും തുകയും വ്യക്തമാക്കാമോ;

(സി) പണം അനുവദിക്കാത്ത അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## സഹകരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി

752 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് മാതൃകയിൽ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏത് വർഷം മുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

**കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്കുള്ള ഓഹരികൾ**

753 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്ക് ഉള്ള ഓഹരികൾ പിൻവലിക്കുന്നത് തടഞ്ഞുകൊണ്ട് ഭേദഗതി കൊണ്ടു വന്നിട്ടുണ്ടോ, ഇതിന് ആധാരമായ കാര്യങ്ങൾ വിശദമാക്കുമോ;

(ബി) മറ്റു സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ എത്ര ശതമാനം ഓഹരികൾ നിലനിർത്തണമെന്നാണ് നിലവിൽ വ്യവസ്ഥയുള്ളത്; വലിയ സാമ്പത്തിക ശേഷിയില്ലാത്ത സഹകരണ സംഘങ്ങൾ ധനപ്രതിസന്ധി നേരിടുമ്പോൾ അവർ എടുത്ത വായ്പകൾ അടച്ചശേഷമുള്ള ഓഹരികൾ പിൻവലിക്കാനാവാത്തത് കടുത്ത ബുദ്ധിമുട്ടിലാക്കുമെന്നതിനാൽ ഓഹരികൾ പിൻവലിക്കുന്നത് മരവിപ്പിച്ച ഭേദഗതി ഒഴിവാക്കുന്നതിനു നടപടി ഉണ്ടാകുമോ;

(സി) റിസർവ് ബാങ്കിന്റെ ചട്ടങ്ങൾ പ്രകാരം ഈടാക്കുന്ന ഓഹരികൾ ലിസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കുന്നുണ്ടോ ; ഇപ്രകാരം ലിസ്റ്റു ചെയ്യുന്നതുവഴി മറ്റു സഹകരണ സംഘങ്ങൾക്ക് ഓഹരികളുടെ വിപണി മൂല്യം ഉറപ്പാക്കാനാവുന്നതിനാൽ പ്രതിസന്ധി ഘട്ടങ്ങളിൽ ഈ ഓഹരികൾ ഉപയോഗപ്പെടുത്താനാവുമെന്ന് കണ്ട് ആയതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**കേരള ബാങ്ക് മുഖേനെയുള്ള ധനസഹായ പദ്ധതികൾ**

754 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് കേരള ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ മുഖേന സംസ്ഥാനത്ത് എത്ര കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) വിവിധ മേഖലകളിൽ സംരംഭകത്വത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് കേരള ബാങ്ക് മുഖേന കൂടുതൽ ധനസഹായ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

**സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ച നിക്ഷേപം**

755 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ചിരിക്കുന്ന വായ്പ എത്രയാണ്; ഈ വായ്പകൾക്ക് റബ്കോ കൃത്യമായി പലിശ നൽകാറുണ്ടോ;

(ബി) റബ്കോക്ക് നിലവിലുള്ള ബാധ്യത എത്രയാണ്; റബ്കോയുടെ കടബാധ്യത കുറയ്ക്കാൻ സംസ്ഥാന സർക്കാർ എത്രരൂപ നൽകി; റബ്കോ നഷ്ടത്തിലാകാനുള്ള

കാരണങ്ങളെക്കുറിച്ച് സഹകരണ വകുപ്പിന് മുമ്പിൽ എന്തെങ്കിലും പഠന റിപ്പോർട്ട് ഉണ്ടോ;

(സി) റബ്കോയ്ക്ക് ബിസിനസിതര ചിലവുകൾക്ക് തുക അനുവദിക്കുവാൻ അനുമതി നൽകിയത് ആരാണ് ;വിവാദത്തിൽപ്പെട്ട കരുവന്നൂർ ബാങ്കിന് മുതലും പലിശയും ചേർത്ത് റബ്കോ എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകാനുണ്ട്;വ്യക്തമാക്കാമോ ?

## റിസ്ക് ഫണ്ട് ആനുകൂല്യം

756 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാദാപുരം മണ്ഡലത്തിൽ സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അപേക്ഷ തന്നവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള ഓരോ അപേക്ഷയിലെയും തൽസ്ഥിതി വിശദമാക്കാമോ?

## കാർഷിക വികസന ബാങ്കിൽ നിന്നും എടുത്ത വായ്പ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

757 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട് കാർഷിക വികസന ബാങ്കിൽ നിന്നും ലോൺ എടുത്ത സൈനുദ്ദീൻ മരണപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ലോൺ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ ശ്രീമതി ഫൗസിയ എ. അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കണ്ടല സർവീസ് സഹകരണ ബാങ്കിന് സർക്കാർ പാക്കേജ്

758 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കണ്ടല സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും തുടർ നടപടികളും വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകളിലെ ആശ്രിതനിയമനം

759 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ആശ്രിതനിയമനത്തിൽ നിയമാനുസൃതം ദത്തെടുത്ത് പിൻ തുടർച്ചാവകാശിയായിട്ടുള്ളവരെ പരിഗണിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആലപ്പുഴയിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജോസ് പ്രതാപ് കെ. വിക്ടർ മരണമടഞ്ഞതിനുശേഷം ടിയാന്റെ നിയമാനുസൃതം ദത്തെടുത്ത മകൾ അർച്ചനാ പ്രതാപിന് ആശ്രിത നിയമനം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് അനിതാ സാംസൺ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

760 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സർവ്വീസ് സഹകരണ ബാങ്കിൽ ഭരണസമിതിയുണ്ടായിരുന്ന കാലത്ത് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സംഘത്തിന്റെ ഭരണ ചുമതല സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കുമോ?

## മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് നൽകാനുള്ള തുക

761 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് (നം.984) നടത്തിയ ചിട്ടിയിൽ ലഭിക്കുന്ന തുക അവിടെത്തന്നെ സ്ഥിര നിക്ഷേപമായി മാറ്റാറുണ്ടോ;

(ബി) പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം ചിട്ടിയിൽ ചേർന്നവർ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരിൽ എത്ര പേർക്ക് സ്ഥിര നിക്ഷേപ തുക മടക്കി നൽകി;

(സി) അതുല്യ രാജൻ എന്ന വ്യക്തിക്ക് നൽകേണ്ട 4,75,639 രൂപ 31.08.2024 ന് മുൻപ് കൊടുത്തു തീർക്കുമെന്ന് ബാങ്ക് അധികൃതർ സർക്കാരിനെ അറിയിച്ചിരുന്നോ; അതനുസരിച്ച് തുക മടക്കി നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതേവരെ തുക നൽകാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ബാങ്കിന്റെ ഭരണ സമിതി അംഗങ്ങളിൽ നിന്നും ഈ തുക ഈടാക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## സഹകരണ സംഘങ്ങളുടെ രാത്രി കാവൽ ജീവനക്കാരുടെ തൊഴിൽ നിയമം

762 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ രാത്രി കാവൽക്കാരായ ജീവനക്കാർക്ക് തൊഴിൽ നിയമം അനുശാസിക്കും വിധം ജോലി സമയം, തൊഴിൽ സുരക്ഷ, അവധി,

ജോലി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പ് കൃത്യമായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

763 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ എത്ര സഹകരണ സംഘങ്ങളുണ്ട്; അവയുടെ പേര് സഹിതം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തനം നിലച്ച പോയ സഹകരണ സംഘങ്ങളുണ്ടോ; എങ്കിൽ അവയുടെ പേരു വിവരം അറിയിക്കാമോ?

## പുതിയ സഹകരണസംഘങ്ങൾ

764 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2021 മുതൽ 2024 മാർച്ച് വരെ എത്ര പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അനുമതി നല്കിയെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട സഹകരണ സംഘങ്ങളുടെ പേരുവിവരവും സ്ഥലവും വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും ജീവനക്കാർക്ക് ഇൻഷുറൻസ്

765 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും ജീവനക്കാർക്കായി ഏതെല്ലാം ഇൻഷുറൻസ് പദ്ധതികളാണ് നിലവിലുള്ളതെന്നും പ്രസ്തുത വിഭാഗം ജീവനക്കാർക്കായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പുതിയ ഇൻഷുറൻസ് പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) സഹകരണ ബാങ്കുകളിലേയും സംഘങ്ങളിലേയും ജീവനക്കാർക്കായി മെഡിക്കൽ ഇൻഷുറൻസ്/റീ-ഇംപേഴ്സ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## സഹകരണസംഘങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ

766 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണികൾ കണ്ടെത്തുന്നതിനായി നൂതന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലെത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; സഹകരണ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുകയെന്ന ലക്ഷ്യത്തിലേക്ക് എത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഹരി

767 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഹരികൾ കേരള ബാങ്കിൽ നിന്നും പിൻവലിക്കാൻ പാടില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിൽ ഓഹരികൾ പിൻവലിക്കാൻ അനുവദിക്കാത്തതുമൂലം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റിസർവ് ബാങ്കിന്റെ 2020-ലെ ബാങ്കിംഗ് നിയമം സെക്ഷൻ 11 പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും സ്വീകരിക്കുന്ന ഓഹരികൾ ലിസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ കേരള ബാങ്ക് പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവരുടെ നിശ്ചിത ശതമാനം ഓഹരികൾ മാത്രം നിലനിർത്തി ബാക്കി പിൻവലിക്കുന്നതിനുള്ള അനുമതിക്കായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നവകേരളീയം കുടിശ്ശിക നിവാരണം -2023

768 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളീയം കുടിശ്ശിക നിവാരണം -2023 രണ്ടാംഘട്ട പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാതല സമിതി മുഖേന സംസ്ഥാനതല സമിതി യോഗം ചേരുന്നത് നീണ്ടുപോവുന്നതിനാൽ കുടിശ്ശിക നിവാരണത്തിൽ തീരുമാനമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം സംസ്ഥാനതലസമിതി യോഗം ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴാണ് പ്രസ്തുത യോഗം ചേരുന്നതെന്ന് വ്യക്തമാക്കാമോ?

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായവും ലാഭവിഹിതവും

769 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിലുള്ള ഓഹരി പിൻവലിക്കുന്നതും എണ്ണം കുറയ്ക്കുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് ലാഭവിഹിതം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് ജില്ലാ ബാങ്കുകളുടെ മാതൃകയിൽ പ്രത്യേക സഹായം അനുവദിക്കുന്നതിനും ലാഭവിഹിതം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കോട്ടയം ജില്ലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ</u>**

770 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എത്ര സഹകരണ സംഘങ്ങളാണ് 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

**<u>ഓണം സഹകരണ വിപണന കേന്ദ്രങ്ങൾ</u>**

771 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്തെ വിലക്കയറ്റം ഫലപ്രദമായി നേരിടുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി സംസ്ഥാനത്ത് എത്ര ഓണം സഹകരണ വിപണന കേന്ദ്രങ്ങൾ തുടങ്ങി എന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിപണിയിൽ നിന്നും എത്രമാത്രം വിലകുറവിൽ നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് ഇതുവഴി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

**<u>കൺസ്യൂമർ ഫെഡ് ആരംഭിച്ച ഓണ വിപണികൾ</u>**

772 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്നതിനായി എത്ര ഓണ വിപണികളാണ് കൺസ്യൂമർഫെഡ് സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

## നീതി മെഡിക്കൽ സ്റ്റോറുകൾ

773 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണസംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

## തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യം

774 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിൽ ചീമേനിയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തൃക്കരിപ്പൂർ സഹകരണ എഞ്ചിനിയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യം മുൻനിർത്തി പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ;

(ബി) നിരവധി പൊതു പരീക്ഷകളും പ്രവേശന പരീക്ഷകളും നടത്തുന്ന ഈ കോളേജിൽ സുശക്തമായ കമ്പ്യൂട്ടർ ലാബ് സൗകര്യം ഏർപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## സഹകരണമേഖലയിൽ നഴ്സിംഗ് കോളേജ്

775 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ സഹകരണമേഖലയിൽ നഴ്സിംഗ് കോളേജ് വിഭാവനം ചെയ്തുകൊണ്ട് CAPE-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സഹകരണ വകുപ്പ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 8 കോടി രൂപ അനുവദിച്ചതിൽ 4 കോടി രൂപ CAPE -ന് കൈമാറിയിരുന്നെങ്കിലും കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

776 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ട്രയൽറൺ ആരംഭിച്ച ശേഷം നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2025 മാർച്ച് 31 വരെ എത്ര കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിനകം ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) തുറമുഖത്തിന്റെ ഭാഗമായ റോഡ്-റെയിൽ കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

777 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം ട്രയൽ റൺ ആരംഭിച്ചശേഷം ഇവിടെയെത്തിയ കപ്പലുകളുടെ എണ്ണവും കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണവും വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖം ട്രയൽറൺ പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനനുസൃതമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന അനുബന്ധ സൗകര്യങ്ങൾ വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം

778 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരിച്ച പ്രവൃത്തികളും ഇനി അവശേഷിക്കുന്ന പ്രവൃത്തികളും എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) തുറമുഖം പ്രവർത്തനസജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അനുബന്ധമായി എന്തൊക്കെ വികസന പദ്ധതികളാണ് പ്രദേശത്ത് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്കുകൂടി പ്രയോജനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വിഴിഞ്ഞം അന്തർദേശീയ തുറമുഖം തദ്ദേശീയർക്ക് ജോലികളിൽ പ്രാതിനിധ്യം</u>**

779 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്തർദേശീയ തുറമുഖം നൽകുന്ന സാദ്ധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുറമുഖം യാഥാർഥ്യമാകുമ്പോൾ തദ്ദേശീയർക്ക് ജോലികളിൽ പരമാവധി പ്രാതിനിധ്യം നല്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തെ ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>അഴിക്കൽ പോർട്ടിലെ വികസന പ്രവർത്തനങ്ങൾ</u>**

780 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ അഴിക്കൽ പോർട്ടിൽ ആരംഭിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) കപ്പൽ ചാനലിന്റെ ആഴം അഴിമുഖം വരെ 4 മീറ്റർ സ്ഥിരമായി നിലനിർത്തുന്ന പ്രവൃത്തിയുടെ സ്ഥിതി അറിയിക്കാമോ?

**<u>അഴീക്കൽ പോർട്ടിലെ എമിഗ്രേഷൻ ചെക്ക് പോസ്റ്റ്</u>**

781 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എമിഗ്രേഷൻ ചെക്ക് പോസ്റ്റിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

**<u>മാരിടൈം ബോർഡിന്റെ നിർദേശങ്ങൾ</u>**

782 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്ത് നിന്നും കേരളത്തിലെ മറ്റ് തുറമുഖങ്ങളിലേക്ക് ചരക്ക് ഗതാഗതം നടത്തുന്നതിന് മാരിടൈം ബോർഡ് എന്തെല്ലാം നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മാരിടൈം ബോർഡിന്റെ നിർദേശാനുസരണം ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലേക്ക് ചരക്ക് ഗതാഗതം നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതനുസരിച്ച് എപ്പോൾ മുതൽ ചരക്ക് ഗതാഗതം ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## <u>സഞ്ചാരികൾക്കായി ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിന് തുറമുഖ വകുപ്പിന്റെ സ്ഥലം</u>

783 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ സഞ്ചാരികൾക്കായി ഒരു ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിലേക്കായി തുറമുഖ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതലയും പരിപാലനവും നടത്തിപ്പും മാരിടൈംബോർഡ് നിർവ്വഹിക്കുന്നതിന് സന്നദ്ധമാകുമോ ?

## <u>ഇൻലാൻഡ് വെസ്സൽ റൂൾ 2021</u>

784 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാൻഡ് വെസ്സൽ റൂൾ 2021 പ്രകാരം പരിശീലനം പൂർത്തീകരിച്ചവർക്ക് പുതിയ ലൈസൻസ് നൽകി തുടങ്ങിയോ എന്ന് വിശദമാക്കാമോ;

(ബി) പരിശീലനം പൂർത്തീകരിച്ചിട്ടും ലൈസൻസ് നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ചിറങ്ങരയിൽ ശബരിമല ഇടത്താവളം</u>

785 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## <u>തിരുവിതാംകൂർ ദേവസ്വം ബോർഡ് എയ്ഡഡ് സ്കൂളിലേക്കുള്ള യു.പി.എസ്.എ. തസ്തികയിലേക്ക് നടത്തിയ പരീക്ഷ</u>

786 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് എയ്ഡഡ് സ്കൂളിലേക്കുള്ള ആർ.ഒ.സി. നം. 628/17/ഇ.ഡി.എൻ. തീയതി: 02/03/17 വിജ്ഞാപന പ്രകാരം യു.പി.എസ്.എ. തസ്തികയിലേക്ക് നടത്തിയ പരീക്ഷയിൽ വിജയിച്ച് ഇന്റർവ്യൂവിന് അർഹരായവരുടെ ഷോർട്ട് ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് വിജ്ഞാപനത്തിൽ സൂചിപ്പിക്കാതിരുന്ന കെ-ടെറ്റ് യോഗ്യതയുടെ പേരിൽ ആർക്കെങ്കിലും റിജക്ഷൻ മെമ്മോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികയുടെ നിയമന നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ലിസ്റ്റുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ നമ്പർ ലഭ്യമാക്കാമോ?

## മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനം

787 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ദേശീയപാത വികസനത്തിനായി ഏറ്റെടുക്കപ്പെട്ട ക്ഷേത്രഭൂമിയുടെ വില

788 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ ഭൂമി എടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രഭൂമികൾ ഇപ്രകാരം ദേശിയപാത വികസനത്തിനായി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഏറ്റെടുക്കപ്പെട്ട ക്ഷേത്രഭൂമിയുടെ വില ലഭ്യമായിട്ടുണ്ടോ; പല ക്ഷേത്രഭൂമികളുടെയും ആധാരം ലഭ്യമല്ലാത്ത സാഹചര്യംമൂലം ഏറ്റെടുക്കപ്പെട്ട ക്ഷേത്ര ഭൂമിയുടെ വില ലഭ്യമായിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകിയതിന് ലഭിച്ച തുക അതാത് ക്ഷേത്രങ്ങളുടെ വികസനത്തിനും നവീകരണത്തിനും തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ?

## മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഓഫീസുകളിലെയും, ക്ഷേത്രങ്ങളിലെയും ഒഴിവുകൾ

789 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഓഫീസുകളിലെയും ക്ഷേത്രങ്ങളിലെയും വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം സ്ഥാപനങ്ങൾ, തസ്തികകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ആചാരസ്ഥാനികൾക്കും കോലധാരികൾക്കും പ്രതിമാസം നൽകിവരുന്ന സാമ്പത്തിക സഹായം

790 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനികൾക്കും കോലധാരികൾക്കും പ്രതിമാസം നൽകിവരുന്ന സാമ്പത്തിക സഹായം എത്ര കുടിശികയായിട്ടുണ്ടെന്നും പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് നടപടി

791 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് മാടായി തിരുവർക്കാട്ട് കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു നൽകുന്നതിനും അവിടെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ബാലുശ്ശേരി കോട്ട വേട്ടേക്കൊരു മകൻ ക്ഷേത്രത്തിന്റെ നവീകരണം

792 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാലുശ്ശേരി കോട്ട വേട്ടേക്കൊരു മകൻ ക്ഷേത്രത്തിന്റെ നവീകരണത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം നവീകരിക്കുന്നതിനായി ദേവസ്വം ബോർഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ദേവസ്വം ബോർഡിന് അനുവദിച്ച തുക

793 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് 2021 മുതൽ എത്ര കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബജറ്റ് വിഹിതം അനുവദിക്കാൻ നടപടി</u>**

794 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുള്ള ബജറ്റ് വിഹിതം 10 കോടി ആക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ദേവസ്വം ബോർഡിന് നിലവിൽ ബജറ്റ് വിഹിതമായി എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഈ ഇനത്തിൽ എത്ര സാമ്പത്തിക വർഷത്തെ തുക നൽകാനുണ്ടെന്നും വിശദമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകാനുള്ള ബജറ്റ് വിഹിതം അനുവദിക്കുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
30-09-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].